# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

2007 മാർച്ച് 19-ാം തീയതി തിങ്കളാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30)

271. ട്രെയിൻ ഓടിക്കുന്നതിന് നൽകുന്ന വൈദ്യുതിയുടെ നിരക്ക്
272. ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച ഭവനങ്ങൾ
273. ചെറുകിട വ്യാപാര രംഗത്ത് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം
274. സഹകരണാടിസ്ഥാനത്തിൽ കൃഷി
275. വന സംരക്ഷണം
276. സംസ്ഥാനത്തെ തടിമില്ലുകൾ
277. മൈത്രീഭവന നിർമ്മാണ പദ്ധതി
278. ബിൽ സമ്പ്രദായം
279. കേന്ദ്ര അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾ
280. പാരമ്പര്യേതര ഊർജ്ജോല്പാദന പദ്ധതികൾ
281. കാർഷിക സർവ്വകലാശാല ഗവേഷണ ഫലങ്ങൾ
282. ചികിത്സാ സഹായം ലഭ്യമാക്കുന്നതിലെ കാലതാമസം
283. വൈദ്യുതി മോഷണം
284. വീര്യം കൂടിയ കീടനാശിനികളുടെ ഉപയോഗം
285. ഡോ.സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം
286. തടി ഡിപ്പോകളിലെ  അഴിമതി
287. വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിവ്
288. അവിവാഹിതരായ ആദിവാസി അമ്മമാർ
289. തോട്ടം മേഖലയുടെ പുനരുദ്ധാരണം
290. ഊർജ്ജ സുരക്ഷിതത്വ മിഷൻ
291. കൃഷിഫാം നവീകരണം
292. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാൻ നടപടി
293. പട്ടികജാതി വികസന കോർപ്പറേഷന്റെ വിദ്യാഭ്യാസവായ്പ
294. വാണിജ്യബാങ്കുകളിലെ ഈ വർഷത്തെ നിക്ഷേപവും കാർഷിക വായ്പയും
295. വാണിജ്യ നികുതി വകുപ്പിലെ അഴിമതി
296. കേര കൃഷി ലാഭകരമാക്കാൻ പദ്ധതി
297. പെരിയാർ മലിനീകരണ പ്രശ്നം
298. സംസ്ഥാനത്തെ റിസർവ് വനങ്ങളും സംരക്ഷിത വനങ്ങളും
299. പട്ടികജാതിക്കാർക്ക് വീടുവയ്ക്കുന്നതിന് കേന്ദ്ര സഹായം
300. കെ.എഫ്.സി. അമിത പലിശ ഈടാക്കുന്നതു സംബന്ധിച്ച്

## ട്രെയിൻ ഓടിക്കുന്നതിന് നൽകുന്ന വൈദ്യുതിയുടെ നിരക്ക്

*271 ശ്രീ. കെ. സുധാകരൻ
,, കെ. ബാബു
,, കെ. ശിവദാസൻ നായർ
,, എം. മുരളി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം റെയിൽവേയ്ക്ക് ഇലക്ട്രിക് ട്രെയിൻ ഓടിക്കുന്നതിനുള്ള വൈദ്യുതി നൽകുന്നത് എന്ത് നിരക്കിലാണ്;

(ബി) തമിഴ്നാട് എന്ത് വിലയ്ക്കാണ് വൈദ്യുതി റെയിൽവേയ്ക്ക് നൽകുന്നത്;

(സി) വിലയിൽ ഈ വ്യത്യാസം വരാനുള്ള കാരണം എന്താണ്;

(ഡി) തമിഴ്നാട്ടിലും കേരളത്തിലും കൂടി പോകുന്ന ട്രാക്കിൽ കേരളം കഴിഞ്ഞാൽ വൈദ്യുതി ബ്രേക്ക് ചെയ്യുന്നതിനുള്ള ബ്രേക്ക് പോയിന്റ് എവിടെയാണുള്ളത്;

(ഇ) ഇതു മൂലം ട്രെയിൻ തമിഴ്നാട്ടിൽ കൂടി ഓടുന്നതിനും കേരളം വൈദ്യുതി നൽകേണ്ടതായി വരുന്നുണ്ടോ;

(എഫ്) കേരള-തമിഴ്നാട് അതിർത്തിയായ വാളയാറിൽ ഒരു വൈദ്യുതി ബ്രേക്ക് പോയിന്റ് സ്ഥാപിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) 110 കെ. വി റെയിൽവേ ട്രാക്ക്ഷൻ താരിഫ് പ്രകാരം പ്രതിമാസം ഡിമാന്റ് ചാർജ് 230/- രൂപ/കെ. വി. എയും എനർജി ചാർജ് 225 പൈസ/യൂണിറ്റിലുമാണ് കേരളം റെയിൽവേയ്ക്ക് വൈദ്യുതി നൽകുന്നത്.

(ബി) എച്ച്. ടി താരിഫ് പ്രകാരം പ്രതിമാസം ഡിമാന്റ് ചാർജ് 300/- രൂപ കെ. വി. എ. യും എനർജി ചാർജ് 350 പൈസ/യൂണിറ്റ് എന്ന നിരക്കിലാണ് തമിഴ്നാട് റെയിൽവേയ്ക്ക് വൈദ്യുതി നൽകുന്നത്.

(സി) റെയിൽവേയ്ക്ക് കേരളത്തിൽ ഗുഡ്സ് ട്രാഫിക്ക് കുറവും പാസഞ്ചർ ട്രാഫിക്ക് കൂടുതലും ആയതിനാൽ റെയിൽവേ വൈദ്യുതീകരണം ലാഭകരമായ ഒരു പദ്ധതി യല്ല എന്ന് റെയിൽവേ അധികൃതർ ചൂണ്ടിക്കാണിക്കുയുണ്ടായി. എന്നാൽ പൊതുജന താല്പര്യം മാനിച്ച് ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രോത്സാഹനം എന്ന നിലയ്ക്കാണ് അന്യസംസ്ഥാനങ്ങളിലെ വൈദ്യുതി നിരക്കുകളും കേരളത്തിന്റെ നിരക്കും പരിശോധിച്ച ശേഷം സൗജന്യ നിരക്ക് തീരുമാനിക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചത്. അപ്രകാരം വൈദ്യുതി ബോർഡിലെ 110 കെ. വി. നിരക്കിനേക്കാളും 20% കുറച്ച് റെയിൽവേയുടെ നിരക്കുകൾ തീരുമാനിക്കുകയുണ്ടായി.

(ഡി) മധുക്കരയിലാണ്.

(ഇ) കേരളത്തിന്റെ അതിർത്തിയിൽ നിന്നും മധുക്കരവരെയുള്ള 10 കീ. മീ. ദൂരത്തേക്ക് കേരളത്തിൽ നിന്നും വൈദ്യുതി നൽകുന്നുണ്ട്.

(എഫ്) കേരള- തമിഴ്നാട് അതിർത്തിയിലുള്ള മധുക്കര (വാളയാറിൽ നിന്ന് ഏകദേശം 10 കി. മീ. ദൂരം) യിലാണ് ഇപ്പോഴത്തെ ബ്രേക്ക് പോയിന്റ്. ബ്രേക്ക് പോയിന്റ് കേരള അതിർത്തിയിലേക്ക് മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച ഭവനങ്ങൾ

*272 ശ്രീ.സി.പി.മുഹമ്മദ്
" കെ.സി.വേണുഗോപാൽ
" എ.പി.അനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച എത്ര ഭവനങ്ങൾ അലോട്ട് ചെയ്യാതെ കിടപ്പുണ്ട്;

(ബി) ഇവ അലോട്ട് ചെയ്യാതിരിക്കുവാനുള്ള കാരണമെന്ത്;

(സി) ഈ വീടുകൾ എന്ന് നിർമ്മിച്ചവയാണ്;

(ഡി) പ്രസ്തുത വീടുകൾ അലോട്ട് ചെയ്യുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വിശദമാക്കുമോ?

**ഉത്തരം: ശ്രീ. ബിനോയ് വിശ്വം**
**(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) 206 വീടുകളും 203 ഫ്ളാറ്റുകളും അലോട്ടു ചെയ്യാതെ കിടപ്പുണ്ട്.

(ബി) വീടുകളുടെയും ഫ്ളാറ്റുകളുടെയും വില അതാതു പ്രദേശത്തെ മാർക്കറ്റ് വിലയേക്കാൾ അധികരിച്ചു നിൽക്കുന്നതിനാൽ അലോട്ടുമെന്റ് സ്വീകരിക്കാൻ ആരും തയ്യാറാകാത്തതിനാലാണ് അലോട്ടു ചെയ്യാതിരിക്കുന്നത്.

(സി) പദ്ധതി തിരിച്ചുള്ള വിവരങ്ങളും അവ നിർമ്മിച്ച തീയതിയും ചുവടെ ചേർക്കുന്നു.

| പദ്ധതി | എണ്ണം | വർഷം |
|---|---|---|
| ഗാന്ധിനഗർ ഭവന നിർമ്മാണ പദ്ധതി, കോട്ടയം | 1 | 1996 |
| തൊടുപുഴ ഭവന പദ്ധതി സൈറ്റ് I, തൊടുപുഴ | 28 | 200 |
| തൊടുപുഴ ഭവന പദ്ധതി സൈറ്റ് II, തൊടുപുഴ | 2 | 2000 |
| കൂവപ്പടി ഭവന നിർമ്മാണ പദ്ധതി, പെരുമ്പാവൂർ | 20 | 1998 |
| തൃക്കാക്കര സാറ്റലൈറ്റ് ഭവന നിർമ്മാണ പദ്ധതി, കൊച്ചി | 2 | 1994 |
| അകത്തേത്തറ ഭവന നിർമ്മാണ പദ്ധതി, പാലക്കാട് | 42 | 1999 |
| ചിറയ്ക്കൽ ഭവന നിർമ്മാണ പദ്ധതി, കണ്ണൂർ | 1 | 1996 |
| കട്ടപ്പന ഭവന നിർമ്മാണ പദ്ധതി സൈറ്റ് I, കട്ടപ്പന | 13 | 1997 |
| പത്തനംതിട്ട ഭവന നിർമ്മാണ പദ്ധതി, പത്തനംതിട്ട | 1 | 1999 |
| മീനങ്ങാടി ഭവന നിർമ്മാണ പദ്ധതി, വയനാട് | 23 | 2003 |
| ചേവായൂർ ഭവന നിർമ്മാണ പദ്ധതി, കോഴിക്കോട് | 2 | 1992 |
| നെട്ടയം ഭവന നിർമ്മാണ പദ്ധതി, തിരുവനന്തപുരം | 2 | 1997 |
| ഒറ്റപ്പാലം ഭവന നിർമ്മാണ പദ്ധതി | 67 | 2004 |
| സുൽത്താൻബത്തേരി ഭവന നിർമ്മാണ പദ്ധതി, വയനാട് | 1 | 1984 |
| ചേർത്തല ഭവന നിർമ്മാണ പദ്ധതി, ആലപ്പുഴ | 1 | 1994 |
| ആകെ | 206 വീടുകൾ | |
| ഒഴിവുള്ള ഫ്ളാറ്റുകൾ | | |
| തൃക്കാക്കര NRI HS കൊച്ചി | 2 | 2003 |
| പുല്ലഴി ഭവന നിർമ്മാണ പദ്ധതി, തൃശ്ശൂർ | 1 | 2001 |
| ചിറയ്ക്കൽ ഭവന നിർമ്മാണ പദ്ധതി | 1 | 1996 |

| | | |
|---|---|---|
| മുട്ടത്തൊടി ഭവന നിർമ്മാണ പദ്ധതി, കാസർഗോഡ് | 12 | 1992 |
| ചേവരമ്പലം ഭവന നിർമ്മാണ പദ്ധതി, കോഴിക്കോട് | 3 | 2003 |
| ബാലരാമപുരം ഭവന നിർമ്മാണ പദ്ധതി, തിരുവനന്തപുരം | 184 | 2005 |
| ആകെ | 203 ഫ്ളാറ്റുകൾ | |

(ഡി) ബോർഡ് നിശ്ചയിച്ച വിലയ്ക്ക് അവ വിറ്റു പോകാത്തതിനാൽ മാർക്കറ്റ് വില കൂടി കണക്കിലെടുത്ത് ടി യൂണിറ്റുകളുടെ തറവില (Floor Price) നിശ്ചയിച്ച് ക്വട്ടേഷൻ / ലേലത്തിലൂടെ വിൽക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചെറുകിട വ്യാപാര രംഗത്ത് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം

*273 ശ്രീ. എം.ഹംസ
,, എം.എം.മോനായി
,, കെ.ടി.ജലീൽ
ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ
,, എ.എം.ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മൾട്ടി നാഷണൽ കമ്പനികൾ കേരളത്തിലെ ചെറുകിട വ്യാപാര രംഗത്ത് കടന്നുവരാൻ നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കടന്നുകയറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) മൾട്ടിനാഷണൽ കമ്പനികളുമായുള്ള മത്സരത്തിൽ ഇവിടുത്തെ വ്യാപാരികളെ സഹായിക്കുന്നതിനായി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം:ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) മൾട്ടിനാഷണൽ കമ്പനികൾ റീട്ടെയിൽ വ്യാപാരമേഖലയിൽ കടന്നുവരുന്നത് തടയാൻ സംസ്ഥാന സർക്കാരിനു അധികാരമില്ല.

(സി) നടപടികൾ പരിഗണിച്ചു വരുന്നു.

## സഹകരണാടിസ്ഥാനത്തിൽ കൃഷി

*274 ശ്രീ. മുരളി പെരുനെല്ലി
,, കെ. കെ. ജയചന്ദ്രൻ
,, പി. കൃഷ്ണപ്രസാദ്
,, ജോർജ് എം. തോമസ്
,, സി.കെ.പി. പത്മനാഭൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സഹകരണാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) സഹകരണാടിസ്ഥാനത്തിലുള്ള നെൽകൃഷി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(സി) ഉത്പാദന ചെലവ് കുറയ്ക്കാനും ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ആദായം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഈ സമ്പ്രദായം വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) ഉണ്ട്. സഹകരണാടിസ്ഥാനത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇപ്പോൾ നടപ്പിലാക്കിവരുന്ന “ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവനപദ്ധതി” XI -ാം പഞ്ചവത്സര പദ്ധതിയിലും തുടരുന്നതാണ്. ഈ പദ്ധതി നടപ്പു വർഷം 1.2 ലക്ഷം ഹെക്ടർ സ്ഥലത്തു നടപ്പിലാക്കി വരുന്നു. ഇതിനായി നടപ്പുവർഷം 1200 ലക്ഷം രൂപയും 2007-08 സാമ്പത്തിക വർഷത്തേയ്ക്ക് 1425 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) നടപ്പുവർഷം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത്.

(സി) യഥാസമയം പരിഗണിക്കുന്നതാണ്.

## വന സംരക്ഷണം

*275 ശ്രീ. കെ.സി.രാജഗോപാലൻ
,, എം.ജെ.ജേക്കബ്
,, എസ്.രാജേന്ദ്രൻ
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. പി. വിശ്വൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് വനങ്ങളുടെയും വന്യമൃഗങ്ങളുടെയും സംരക്ഷണത്തിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) വന വിഭവങ്ങളും ചന്ദനവും കള്ളക്കടത്ത് നടത്തുന്നതിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്;

(സി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) വനസംരക്ഷണത്തിനായി തദ്ദേശവാസികളെ നിയോഗിച്ചതുമൂലം എന്തെങ്കിലും നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഈ പദ്ധതി അനുസരിച്ച് എത്ര ആദിവാസികൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**ഉത്തരം: ശ്രീ. ബിനോയ് വിശ്വം**
**(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) വനസംരക്ഷണത്തിനും വന്യമൃഗസംരക്ഷണത്തിനുവേണ്ടിയും വനസംരക്ഷണജീവനക്കാർ വനങ്ങളുടെ എല്ലാ ഭാഗങ്ങളും റോന്ത് ചുറ്റുകയും വനം സംരക്ഷിക്കുന്നതിനായി വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ട കെട്ടിയും കയ്യാലകൾ സ്ഥാപിച്ചും വരുന്നുണ്ട്. പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കുന്നുണ്ട്. വനം കയ്യേറ്റം തുടങ്ങിയ കുറ്റകൃത്യങ്ങളെക്കുറിച്ച് അറിയിക്കുന്നതിന് ഒരു ടോൾഫ്രീ ടെലിഫോൺ നമ്പർ (1800 - 4254733) പൊതുജനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്. വനസംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് 94 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുകയും വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ ഇവ നൽകി സജ്ജരാക്കുകയും ചെയ്തിട്ടുണ്ട്. വനകുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കെതിരെ ശിക്ഷണനടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വനാന്തരങ്ങളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. വനങ്ങളെപ്പറ്റിയും വന്യമൃഗ സംരക്ഷണത്തിനെപ്പറ്റിയും ജനങ്ങളിൽ അവബോധം വളർത്താൻ നേച്ചർക്യാമ്പ് മുതലായവ സംഘടിപ്പിച്ച് വരുന്നുണ്ട്.

(ബി) വനവിഭവങ്ങളും ചന്ദന കള്ളക്കടത്തും തടയുന്നതിനായി വനസംരക്ഷണ ജീവനക്കാർ നിരന്തരമായി പട്രോളിംഗ് നടത്തുകയും, റെയ്ഡുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകൾവഴി കർശന വാഹന പരിശോധന നടത്തി കുറ്റകൃത്യങ്ങളിൽപ്പെട്ട വാഹനങ്ങളെ പിടിക്കാറുണ്ട്. നിയമവിരുദ്ധമായി സൂക്ഷിച്ചിരിക്കുന്ന വനവിഭവങ്ങൾ കണ്ടെത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ചന്ദന സംരക്ഷണത്തിനുവേണ്ടി വനസംരക്ഷണ സമിതി അംഗങ്ങളുടെ "വൃന്ദാവനം വനിതാ ചന്ദന സംരക്ഷണ സേന" രൂപീകരിച്ചു. കേരളത്തിലെയും തമിഴ്നാട്ടിലെയും അതിർത്തി ഡിവിഷനുകളിൽ വകുപ്പുതല ഉദ്യോഗസ്ഥന്മാർ നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ട്. ചന്ദന സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 17 കിലോമീറ്റർ ചെയിൻ ലിങ്ക് ഫെൻസ് മറയൂരിൽ പൂർത്തിയാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് 2005-ലെ പൂട്ടിയ 23 ചന്ദന ഫാക്ടറികൾ ആഴ്ചതോറും പരിശോധിക്കുകയും അവ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 2006-ലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം നട്ടുപിടിപ്പിക്കൽ പ്രോൽസാഹന നിയമത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാട് വനംവകുപ്പ് മന്ത്രിയെ കേരളം വനംവകുപ്പ് മന്ത്രി സന്ദർശിച്ച് ചന്ദന സംരക്ഷണ പ്രവർത്തനങ്ങളിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും തമിഴ്നാട് വനംവകുപ്പ് ഉദ്യോഗസ്ഥർ സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. പോലീസ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ കൂടുതൽ യോജിച്ച് പ്രവർത്തിക്കുന്നതിനായി ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രി നേരിട്ട് യോഗം വിളിച്ചു കൂട്ടി. രണ്ട് ഡിപ്പാർട്ടുമെന്റ് ഓഫീസർമാരും യോഗം ചേരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 943 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വനസംരക്ഷണത്തിന് തദ്ദേശവാസികളെ നിയോഗിച്ചതുമൂലം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഈ പദ്ധതി അനുസരിച്ച് 1092 കുടുംബങ്ങളിൽപ്പെട്ട ആദിവാസികൾക്ക് 74615 തൊഴിൽ ദിവസങ്ങൾ ലഭിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ തടിമില്ലുകൾ

*276 ശ്രീ. പി. തിലോത്തമൻ
,, ബാബു പോൾ
,, മാങ്കോട് രാധാകൃഷ്ണൻ
,, എൻ. അനിരുദ്ധൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തടിമില്ലുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്; ഈ മില്ലുകൾക്ക് എൻ.ഒ.സി. നല്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) തടിമില്ലുകൾക്ക് എൻ.ഒ.സി. നൽകിയതിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെക്കുറിച്ചന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണത്തിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിലെ അഴിമതികൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം: ശ്രീ. ബിനോയ് വിശ്വം**
**(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത് 3536 തടിമില്ലുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഡബ്ള്യൂ. പി. (സി) 202/95 എന്ന കേസിൽ 12.12.1996-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധി ന്യായം അനുസരിച്ച് നിയോഗിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റി തടിമില്ലുകൾ അനുവദിക്കുന്നതിന് വനാതിർത്തിയിൽ നിന്നും 5 കിലോമീറ്റർ ദൂരപരിധി നിർദ്ദേശിച്ചിട്ടുണ്ട്. 30.10.2002 നു ശേഷം ഏതൊരു മരാധിഷ്ടിത വ്യവസായം തുടങ്ങുന്നതിനു മുൻപ് സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ എൻ.ഒ.സി. വാങ്ങണമെന്നും ബഹു. സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. പ്രസ്തുത സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സെൻട്രൽ എംപവേർഡ് കമ്മിറ്റിയാണ് പുതിയ മരാധിഷ്ഠിത വ്യവസായങ്ങൾക്ക് എൻ.ഒ.സി. അനുവദിക്കുന്നത്.

(ബി) ഉണ്ട്. പ്രസ്തുത പരാതിയിൻമേൽ വനം വകുപ്പ് വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തി വരുന്നു. പ്രാഥമിക അന്വേഷണത്തിൽ കോടനാട് റെയിഞ്ചഫീസറായ ശ്രീ. എൻ. ആർ. റാം മോഹനും, സജീവ് കമാൽ എന്ന രാഷ്ട്രീയ പ്രവർത്തകനും ചേർന്ന് എൻ.ഒ.സി.ക്കു വേണ്ടി അപേക്ഷിച്ചിരുന്നവരിൽ നിന്നും പണം ആവശ്യപ്പെട്ടിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് റെയിഞ്ചാഫീസറായ ശ്രീ. എൻ. ആർ. റാം മോഹനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിലുള്ള വിശദമായ അന്വേഷണം വനംവകുപ്പിന്റെ വിജിലൻസ് വിഭാഗം നടത്തി വരികയാണ്.

(സി) അഴിമതിക്കെതിരെ കർശന നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. വനം വകുപ്പിൽ അഴിമതികൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും അന്വേഷണത്തിൽ അഴിമതി ഉണ്ടെന്ന് തെളിഞ്ഞാൽ അതിനുത്തരവാദികളായവരുടെ മേൽ കർശനമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കിയും അഴിമതിയുടെ കറപുരളാത്ത ഉദ്യോഗസ്ഥരെ താക്കോൽ സ്ഥാനങ്ങളിൽ നിയമിച്ചും വിജിലൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയുമുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

## മൈത്രീഭവന നിർമ്മാണ പദ്ധതി

*277 പ്രൊഫ: എൻ. ജയരാജ്
,, തോമസ് ഉണ്ണിയാടൻ
,, കെ.എം. മാണി
.. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മൈത്രീഭവന നിർമ്മാണത്തിന് ഹൗസിംഗ് ബോർഡ് ഹഡ്കോയിൽ നിന്നെടുത്ത ലോൺ വിതരണം ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസ്സിൽ ആരെയെല്ലാമാണ് കക്ഷി ചേർത്തിരിക്കുന്നത്; അവർക്കെതിരായിട്ടുളള ആരോപണങ്ങൾ എന്തെല്ലാമാണ്;

(ബി) മൈത്രീഭവന നിർമ്മാണത്തിനുവേണ്ടി വിദേശത്തുനിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഏതെല്ലാം തരത്തിലുളള അഴിമതികൾ നടന്നതായാണ് ആരോപണമുണ്ടായിട്ടുളളത്; പ്രസ്തുത കേസ്സിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ?

**ഉത്തരം: ശ്രീ. ബിനോയ് വിശ്വം**
**(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) ഇതു സംബന്ധിച്ച് ആറു കേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്. ഇതിൽ സർക്കാരിനെയും ബോർഡ് സെക്രട്ടറിയേയും ചെയർമാനെയും ഉദ്യോഗസ്ഥരെയും കക്ഷി ചേർത്തിട്ടുണ്ട്. മൈത്രി ഭവന പദ്ധതിയിൽ വായ്പാ ഗഡുക്കൾ വിതരണം ചെയ്തില്ല എന്നതാണ് അഞ്ചു കേസിനാസ്പദം. ഹഡ്കോയിൽ നിന്നും ലോണെടുത്തു നടപ്പാക്കിയ മൈത്രി പദ്ധതിയുടെ നടത്തിപ്പിൽ വന്ന ക്രമക്കേടാണ് ആറാമത്തെ കേസ്.

(ബി) വിദേശത്ത് നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബിൽ സമ്പ്രദായം

*278 ശ്രീ.സി.ടി.അഹമ്മദ് അലി
,, പി.കെ.അബ്ദുറബ്ബ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) 'തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ ധനകാര്യസ്വാതന്ത്ര്യം അനുവദിയ്ക്കാൻ' ബിൽ സമ്പ്രദായം അവസാനിപ്പിയ്ക്കുന്നതിനുവേണ്ടി മൂന്നാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുള്ള ശുപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശുപാർശ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

### ഉത്തരം:ഡോ.തോമസ് ഐസക്
### (ധനകാര്യ വകുപ്പുമന്ത്രി)

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ സാമ്പത്തിക സ്വാതന്ത്ര്യം സാധിക്കത്തക്ക വിധത്തിൽ ആവശ്യമായ പകരം സംവിധാനങ്ങൾ രൂപപ്പെടുത്തുന്നത് സംബന്ധിച്ച മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ സ്റ്റാഫിന്റെ പുനർവിന്യാസം, കണക്കുകൾ സൂക്ഷിക്കുന്നതിന്റെ വിശദാംശങ്ങൾ രൂപപ്പെടുത്തൽ, നിരീക്ഷണ ഏജൻസികളുടെ രൂപീകരണം എന്നീ കാര്യങ്ങൾ നടപ്പിലാക്കിയതിനുശേഷം മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ ധനകാര്യ സ്വാതന്ത്ര്യം എന്ന പുതിയ സമ്പ്രദായം 2008-09 മുതൽ പ്രാബല്യത്തിൽ വരണം എന്ന മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

## കേന്ദ്ര അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾ

*279 ശ്രീ. എൻ. രാജൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ബാബുപോൾ
,, കെ. അജിത്
,, എ.കെ. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ജലവൈദ്യുത പദ്ധതികൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷകൾ സമർപ്പിച്ചിട്ട് എത്ര കാലമായി;

(സി) പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എത്ര പദ്ധതികൾക്ക് ഇതുവരെയായി അനുമതി നിഷേധിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണ്;

(ഡി) ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് അനുമതി നിഷേധിക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) & (ബി) ആതിരപ്പിള്ളി, പാത്രക്കടവ് എന്നീ ജലവൈദ്യൂത പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായുള്ള അപേക്ഷകൾ യഥാക്രമം 31.12.96 ലും 28.11.2005 ലുമാണ് സമർപ്പിച്ചത്.

(സി) പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും താഴെപ്പറയുന്ന മൂന്ന് പദ്ധതികൾക്ക് ഇതുവരെയായി അനുമതി നിഷേധിച്ചിട്ടുണ്ട്.

1) സൈലന്റ് വാലി ജലവൈദ്യുത പദ്ധതി
2) പൂയംകുട്ടി ജലവൈദ്യുത പദ്ധതി
3) കുരിയാർകുട്ടി കാരപ്പാറ ജലവൈദ്യുത പദ്ധതി

(ഡി) പ്രസ്തുത അപേക്ഷ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. അനുമതി നിഷേധിച്ചിട്ടില്ല.

## പാരമ്പര്യേതര ഊർജ്ജോല്പാദന പദ്ധതികൾ

*280 ശ്രീ. ആർ.സെൽവരാജ്
,, വി.ചെന്താമരാക്ഷൻ
,, കെ.കെ.ദിവാകരൻ
,, മഞ്ഞളാംകുഴി അലി
,, പി.പി.അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജോല്പാദനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവിടെ ഉല്പാദനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സമ്പ്രദായം കൂടുതൽ പ്രദേശങ്ങളിൽ നടപ്പിലാക്കുമോ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു 5 മെഗാവാട്ട് കാറ്റാടിപ്പാടം ഇടുക്കി ജില്ലയിലെ രാമക്കൽമേട് എന്ന സ്ഥലത്ത് അനെർട്ടും കേരള സംസ്ഥാന വൈദ്യുതി ബോർഡും ചേർന്നു സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. അതോടൊപ്പം സ്വകാര്യ മേഖലയിൽ മൊത്തം 35 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. രാമക്കൽമേട്ടിലെ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വൈദ്യുതി ബോർഡ് ദർഘാസ് ക്ഷണിക്കുകയും ലഭിച്ച ദർഘാസുകൾ പരിശോധിച്ച് വരികയും ചെയ്യുന്നു. ബയോമാസ്, ബയോഗ്യാസ് തുടങ്ങിയ മാർഗ്ഗങ്ങളിൽ നിന്ന് ഊർജ്ജമുണ്ടാക്കുന്നതിനു വിപുലമായ ഒരു പദ്ധതി ഊർജ്ജ വകുപ്പും പ്ളാനിംഗ് ബോർഡും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് രൂപം കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് സമ്പൂർണ്ണ ഊർജ്ജസുരക്ഷാ പരിപാടി 11-ാം പദ്ധതിക്കാലത്ത് നടപ്പാക്കും. പാരമ്പര്യേതര ചെറുകിട ജലവൈദ്യുത പദ്ധതികൾ വൻതോതിൽ നടപ്പിലാക്കാൻ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. 11-ാം പദ്ധതിയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നായി 120.4 MW ശേഷി വർദ്ധിപ്പിക്കാനാണ് ബോർഡ് ലക്ഷ്യമിട്ടിരിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. സ്വകാര്യ സംരംഭകർ വഴിയും പഞ്ചായത്തുകൾ വഴിയും ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളുടെ പട്ടിക അനുബന്ധം രണ്ടിൽ ചേർത്തിട്ടുണ്ട്. രാമക്കൽമേട് ഒഴികെയുള്ള സ്ഥലങ്ങളിൽ അനെർട്ടിന്റെ ഉടമസ്ഥതയിൽ കാറ്റാടിപ്പാടം ആരംഭിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. സ്വകാര്യ സംരംഭകർക്ക് ഈ സ്ഥലങ്ങളിൽ അനെർട്ടിന്റെ സാങ്കേതികാനുമതിയോടെയും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും കാറ്റാടിപ്പാടം ആരംഭിക്കാവുന്നതാണ്.

(സി) & (ഡി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

Q.No 280 . അനുബന്ധം-I

# KERALA STATE ELECTRICITY BOARD

## Non conventional Energy Sources

| | Name of the Scheme | MW |
|---|---|---|
| 1 | BARAPOLE SHEP | 21.00 |
| 2 | KAKKADAMPOIL I | 21.00 |
| 3 | KAKKADAMPOIL II | 11.00 |
| 4 | VILANGAD SHEP | 7.50 |
| 5 | ANAKKAMPOIL | 7.50 |
| 6 | CHATHANKOTTUNADA II SHEP | 6.00 |
| 7 | PERUMTHENARUVI SHEP | 6.00 |
| 8 | MARMALA | 4.50 |
| 9 | MANIYAR TAILRACE SHEP | 4.00 |
| 10 | SENGULAM TAIL RACE | 3.60 |
| 11 | CHIMONY | 2.50 |
| 12 | PASSUKADAVU SHEP | 2.00 |
| 13 | POOZHITHODE SHEP | 4.80 |
| 14 | PEECHI | 1.50 |
| 15 | PATHAMKAYAM | 4.00 |
| 16 | KANDAPPANCHAL | 6.00 |
| 17 | ADYANPARA | 3.75 |
| 18 | Wind farm at Ramakkalmedu | 3.75 |
| | Total | 120.40 |

Wilfred.T
Section Officer.

അനുബന്ധം — 2

**Potential sites for Wind Farms in Kerala**

| Sl. No. | Station | District | Latitude (N) | Longitude (E) | Elevation (masl) | Annual Mean Wind Speed (kmph) | | Annual Mean Wind Power Density ($W/m^2$) | |
|---|---|---|---|---|---|---|---|---|---|
| | | | | | | At 20 m | At 30 m | At 20 m | At 30 m |
| 1 | Kanjicode | Palakkad | 10° 47' | 76° 49' | 130 | 22.60 | 23.70 | 218 | 249 |
| 2 | Kailasammedu | Idukki | 9° 51' | 77° 10' | 1160 | 23.20 | 24.50 | 251 | 300 |
| 3 | Kolahalamedu | Idukki | 9° 40' | 76° 56' | 1000 | 16.90 | 17.80 | 146 | 174 |
| 4 | Kotamala | Palakkad | 10° 40' | 76° 36' | 150 | 19.20 | 20.50 | 154 | 187 |
| 5 | Kottathara | Palakkad | 11° 07' | 76° 39' | 750 | 19.70 | 20.70 | 207 | 243 |
| 6 | Kulathummedu | Idukki | 9° 44' | 77° 13' | 1040 | 19.09 | 22.02 | 180 | 239 |
| 7 | Kuttikanam | Idukki | 9° 35' | 76° 59' | 1000 | 16.50 | 18.00 | 140 | 181 |
| 8 | Nallasingam | Palakkad | 11° 06' | 76° 44' | 840 | 22.90 | 24.10 | 324 | 377 |
| 9 | Panchalimedu | Idukki | 9° 32' | 76° 57' | 950 | 20.20 | 20.90 | 258 | 285 |
| 10 | Parampukettimedu | Idukki | 9° 54' | 77° 12' | 1160 | 26.40 | 28.40 | 447 | 525 |
| 11 | Ponmudi | Trivandrum | 8° 46' | 77° 08' | 1074 | 18.50 | 18.70 | 216 | 220 |
| 12 | Pullikanam | Idukki | 9° 44' | 76° 52' | 1100 | 18.20 | 18.50 | 178 | 187 |
| 13 | Ramakalmedu | Idukki | 9° 49' | 77° 14' | 920 | 29.70 | 29.70 | 532 | 534 |
| 14 | Senapathi | Idukki | 9° 57' | 77° 11' | 1240 | 19.30 | 20.70 | 192 | 233 |
| 15 | Sakkulathumedu | Idukki | 9° 52' | 77° 13' | 1040 | 28.55 | 28.63 | 531 | 533 |
| 16 | Tolanur | Palakkad | 10° 42' | 76° 30' | 100 | 15.70 | 17.20 | 115 | 157 |
| 17 | Pushpagiri* | Idukki | 09° 50' | 77° 03' | 1085 | 21.06* | 21.67** | 200.0* | 223.1** |

* value at 30 m

** value at 50 m

## കാർഷിക സർവ്വകലാശാല ഗവേഷണ ഫലങ്ങൾ

*281 ശ്രീമതി കെ. എസ്. സലീഖ
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ. സി.കെ. സദാശിവൻ
ശ്രീമതി ജെ. അരുന്ധതി
ശ്രീ. വി.ജെ. തങ്കപ്പൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിൽ കൃഷിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന ഗവേഷണങ്ങൾ എന്തെല്ലാമാണ്;

(ബി) ഗവേഷണ ഫലങ്ങൾ കർഷകനും കാർഷിക മേഖലയ്ക്കും പ്രയോജനപ്പെടുന്ന രീതിയിൽ പ്രചരിപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും നിലവിലുള്ള സംവിധാനം എന്താണ്;

(സി) ഗവേഷണ ഫലങ്ങൾ സാധാരണ കർഷകരിൽ എത്തുന്നു എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ പ്രദേശത്തും അനുയോജ്യമായ കാർഷിക വിളകളും കൃഷിരീതികളും സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പുമന്ത്രി)

(എ) കേരളത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 130-ഓളം കാർഷിക വിളകളിൽ മേൽത്തരം വിത്തും നടീൽ വസ്തുക്കളും അവയുടെ പ്രജനനം, ഉൽപാദനം, കൃഷിരീതികൽ, കൃഷിമുറകൾ, രോഗകീടനിവാരണമാർഗ്ഗങ്ങൾ, ജൈവകൃഷി, സംസ്ക്കരണം, മൂല്യാധിഷ്ടിത ഘടകം എന്നീ മേഖലകളിലായി ഏകദേശം 584-ഓളം ഗവേഷണ പദ്ധതികൾ കാർഷിക സർവ്വകലാശാലയുടെ 36-ഓളം കേന്ദ്രങ്ങളിലായി ഇപ്പോൾ നടന്നുവരുന്നുണ്ട്.

(ബി) ഗവേഷണ ഫലങ്ങളുടെ സംക്ഷിപ്ത രൂപം റിസർച്ച് ഹൈലൈറ്റ്സ് ആയും വാർഷിക ഗവേഷണ റിപ്പോർട്ട് ആയും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുകൂടാതെ സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പാക്കേജ് ഓഫ് പ്രാക്ടീസ് വിളകൾക്കുവേണ്ടിയും മൃഗസംരക്ഷണത്തിനു വേണ്ടിയും പ്രത്യേകം രണ്ട് പുസ്തകങ്ങൾ കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പുസ്തകം കൃഷി ഉദ്യോഗസ്ഥരും മൃഗസംരക്ഷണ ഉദ്യോഗസ്ഥരും അവരുടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) ഗവേഷണ ഫലങ്ങൾ സാധാരണ കർഷകരിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി കൃഷി വകുപ്പിലും ക്ഷീരവകുപ്പിലും ഫിഷറീസ് വകുപ്പിലും വിപുലമായ പദ്ധതികൾ ഉണ്ട്. കൃഷി മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുമായി നടക്കുന്ന ഇന്റർഫേസ് മീറ്റിംഗ്, പ്രതിമാസ യോഗങ്ങൾ, സന്ദർശന പരിശീലന പരിപാടി, മറ്റു മുഖാമുഖ ചർച്ചകൾ എന്നിവയിലൂടെ ലഭ്യമാകുന്ന ഫീഡ്ബാക്ക് പദ്ധതിയിലൂടെ ഗവേഷണ ഫലങ്ങൾ സാധാരണ കർഷകരിൽ എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഇതിൽ കുറവ് വരുന്നുണ്ടെന്ന് ശ്രദ്ധയിൽ വന്നിട്ടുണ്ട്. പരിഹരിക്കുന്നുതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കേരള കാർഷിക മേഖലയുടെ വിവിധ പ്രദേശത്തെയും വിവിധ വിളകളുടെയും വിവിധ കൃഷിരീതികളെയും സംബന്ധിച്ച പഠനങ്ങൾ കേരള കാർഷിക സർവ്വകലാശാല നടത്തി വരുന്നുണ്ട്.

## ചികിത്സാ സഹായം ലഭ്യമാക്കുന്നതിലെ കാലതാമസം

*282 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്ന ചികിത്സാധനസഹായം, ഗുണഭോക്താക്കളുടെ കയ്യിലെത്താൻ വലിയ കാലതാമസം അനുഭവപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിൽസാ ധനസഹായം കൈപ്പററുന്നതിനുമുമ്പ് രോഗി മരണപ്പെട്ടാൽ അനന്തരാവകാശികൾക്ക് തുക കൈമാറുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) എങ്കിൽ അത്തരം തടസ്സങ്ങൾ ഒഴിവാക്കി മരിച്ചയാളുടെ അനന്തരവകാശികൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) ധനസഹായം അനുവദിക്കുന്നതിന് തടസ്സമില്ല. ചികിത്സാ ധനസഹായപദ്ധതി നടപ്പിലാക്കിയ 1998 വർഷം മുതൽ ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയ രോഗി മരണപ്പെട്ടാൽ അനന്തരാവകാശികൾക്ക് തുക കൈമാറുന്നതിന് വ്യവസ്ഥയില്ലായിരുന്നു. എന്നാൽ ചില മാനദണ്ഡങ്ങൾക്ക് വിധേയമായി 10.10.2002-ലെ സ.ഉ.(കൈ)90/2000/പജപവവിവ പ്രകാരം ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ട രോഗി മരണമടഞ്ഞാൽ അനുവദിച്ച തുകയോ യഥാർത്ഥത്തിൽ ചെലവായ തുകയോ, ഏത് കുറവെന്നാൽ അത് മരണമടഞ്ഞ രോഗിയുടെ നിയമാനുസൃത അവകാശികൾക്ക് മെഡിക്കൽ ബില്ലുകളും മറ്റും പരിശോധിച്ച ശേഷം നൽകാവുന്നതാണ്.

12.6.2006-ലെ സ.ഉ.(കൈ)33/06/പജപവവിവ അനുസരിച്ച് ചികിത്സാ ധനസഹായത്തിനായ അപേക്ഷ സമർപ്പിച്ചതിനുശേഷം ധനസഹായ തുക അനുവദിക്കുന്നതിന് മുൻപ് രോഗി മരണമടഞ്ഞാൽ അർഹതയുടെ അടിസ്ഥാനത്തിൽ അനുവദിച്ച തുകയോ യഥാർത്ഥത്തിൽ ചെലവായ തുകയോ ഏതാണ് കുറവെന്നാൽ അത് മരണമടഞ്ഞ രോഗിയുടെ നിയമാനുസൃതമായ അവകാശികൾക്ക് മെഡിക്കൽ ബില്ലുകളും മറ്റും പരിശോധിച്ചശേഷം നൽകാവുന്നതാണ്.

## വൈദ്യുതി മോഷണം

*283 ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ടി. എൻ. പ്രതാപൻ
ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചു;

(ബി) ഈ കേസുകളിൽ എല്ലാം കൂടി എന്തു തുകയ്ക്കുള്ള വൈദ്യുതി മോഷണമാണ് നടത്തിയത് ;

(സി) ഈ കേസുകളിൽ എല്ലാം കൂടി എത്ര തുകയ്ക്കുള്ള പിഴയാണ് ചുമത്തിയത്;

(ഡി) അതിൽ എത്ര തുക ഈടാക്കി; ബാക്കി തുക ഈടാക്കാതിരിക്കുവാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**

(എ) ഈ ഗവണ്മെന്റ് നിലവിൽ വന്നശേഷം 28.2.2007 വരെ 1690 വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഈ കേസുകളിൽ എല്ലാംകൂടി 7.5 കോടി രൂപയ്ക്കുള്ള വൈദ്യുതി മോഷണമാണ് നടത്തിയിട്ടുള്ളത്.

(സി) ഈ കേസുകളിൽ എല്ലാംകൂടി 11.03 കോടി രൂപയ്ക്കുള്ള പിഴയാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) ഇതിൽ നാളിതുവരെ 9.47 കോടി രൂപ ഈടാക്കിയിട്ടുണ്ട്. ബാക്കി തുക ഈടാക്കാതിരിക്കാൻ കാരണം, പിഴ ഈടാക്കിയതിൽ അപ്പീൽ നൽകിയ കേസുകൾ, കോടതിയിൽ ഒ.പി. ഫയൽ ചെയ്ത കേസുകൾ, അവസാനം തിരുമാനമാകാതെ തുടരുന്ന കേസുകൾ എന്നിവയായതിനാലാണ്.

## വീര്യം കൂടിയ കീടനാശിനികളുടെ ഉപയോഗം

*284 ശ്രീ. കെ. സി. വേണുഗോപാൽ
,, പി.സി. വിഷ്ണുനാഥ്
,, എൻ. ശക്തൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാനെക്കാൾ വീര്യം കൂടിയവ കീടനാശിനികളായി സംസ്ഥാനത്ത് ഉപയോഗിക്കുന്നുണ്ടോ;

(ബി) പ്രൊപ്പനോഫോസ്, മോണോക്രോട്ടോ, ഫോസ്ക്യൂനൽഫോസ് മുതലായ കീടനാശിനികൾ സംസ്ഥാനത്ത് ഉപയോഗിക്കുന്നുണ്ടോ;

(സി) ഇവ എൻഡോസൾഫാനെക്കാൾ വീര്യം കൂടിയ കീടനാശിനികളാണോ;

(ഡി) ഇവയുടെ ഉപയോഗം സംസ്ഥാനത്ത് നിരോധിക്കാനുദ്ദേശമുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) ഉണ്ട്

(സി) മോണോക്രോട്ടോഫോസ്, ക്യുനാൽഫോസ് എന്നിവ എൻഡോസൾഫാനെക്കാൾ വിഷവീര്യം കൂടിയ കീടനാശിനികളാണ്.

(ഡി) & (ഇ) കീടനാശിനികളുടെ വ്യാപകമായ ഉപയോഗം പരിമിതപ്പെടുത്താനോ നിരോധിക്കാനോ ഉള്ള അധികാരം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള സെൻട്രൽ ഇൻസെക്റ്റിസൈഡ്സ് ബോർഡിൽ നിക്ഷിപ്തമാണ്. ഏതെങ്കിലും ഒരു കീടനാശിനിയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് പഠനം നടത്തുന്ന രജിസ്ട്രേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ സെൻട്രൽ ഇൻസെക്റ്റിസൈഡ്സ് ബോർഡ് കീടനാശിനിയുടെ ഉപയോഗം പരിധിമതപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യുകയുള്ളൂ. ഇവയുടെ ഉപയോഗം നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും കൃഷി വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാനും വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കീടനാശിനികളുടെ ഉപയോഗംവഴി നിലനിൽക്കുന്ന സാഹചര്യം അടിയന്തിരമായി സി.ഐ.ബി.-യുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്.

## ഡോ.സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം

*285 ശ്രീ. ജോസഫ് എം.പുതുശ്ശേരി
" തോമസ് ചാഴികാടൻ
" റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഡോ.എം.എസ്.സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ സഹായധനം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത സഹായം എന്നത്തേക്ക് ലഭിക്കും; സഹായധനം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

(ഇ) ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റിപ്പോർട്ടിൽ ശുപാർശകളെന്തെങ്കിലും ഉൾകൊള്ളിച്ചിട്ടുണ്ടോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുള്ള ശുപാർശകളാണ് ഉൾപ്പെടുത്താനായി ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ഇക്കോടൂറിസം, ചെറുകിയ ജലസേചനം എന്നിവയുടെ വികസനത്തിനാണ് ശുപാർശകൾ നൽകിയിട്ടുള്ളത്. അത് താഴെപ്പറയും പ്രകാരമാണ്.

1. വിയ്യപുരം കനാലിൽകൂടിയുള്ള ജലത്തിന്റെ ഒഴുക്കും, ഡ്രെയിനേജും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.
2. അപ്പർ കുട്ടനാട് പ്രദേശത്തെ പുഞ്ചകൃഷി ചെയ്യാനുള്ള പദ്ധതി
3. ഓണാട്ടുകര പ്രദേശത്തെ സമഗ്രകൃഷി പദ്ധതി
4. കരിപ്പാടങ്ങളുടെ അമ്ലരസം കുറയ്ക്കുന്നതിനായി ചുണ്ണാമ്പ് തുടങ്ങിയവ കർഷകർക്ക് നൽകി നെൽകൃഷി നടത്തുവാനുള്ള പദ്ധതി
5. നെൽകൃഷിക്ക് പ്രയാസമായ കുട്ടനാട്ടിലെ കരിപ്രദേശങ്ങളായ പുറക്കാട്കരി, അമ്പലപ്പുഴകരി, വൈക്കംകരി എന്നീ പ്രദേശങ്ങളിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി
6. കരിപ്പാടങ്ങളിൽ വ്യാപകമായി പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി
7. കുട്ടനാട്ടിൽ ഒഴുകിയെത്തുന്ന മണിമല, അച്ചൻകോവിൽ, മീനച്ചൽ നദികളുടെ വികസനത്തിനുവേണ്ടിയുള്ള സമഗ്ര പദ്ധതി (പമ്പ ആക്ഷൻ പ്ലാനിന്റെ മാതൃകയിൽ)
8. കുട്ടനാട്ടിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി
9. കുട്ടനാട് പ്രദേശത്തെ ചെറുകിട കേര കർഷകർക്കായി സമഗ്ര നാളികേര വികസന പദ്ധതി
10. കുട്ടനാട് പ്രദേശത്തെ ആരോഗ്യ പരിപാലനം, ശുചീകരണം, കുടിവെള്ളം എന്നിവയ്ക്കായുള്ള പദ്ധതി
11. കായംകുളം കായലിൽ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുവാൻ പദ്ധതി
12. ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി

(സി) ഇടക്കാല റിപ്പോർട്ടിൽ 2007-08 സാമ്പത്തിക വർഷത്തേയ്ക്ക് 150 കോടി രൂപയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഡോ. എം.എസ്. സ്വാമിനാഥൻ കമ്മിറ്റി മുമ്പാകെ സംസ്ഥാന സർക്കാർ ഉന്നയിച്ച ആവശ്യങ്ങൾ ഉൾപ്പെടുത്തിയ അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതാണ്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ഇ) ഉണ്ട്. ആലപ്പുഴ ജില്ലയിലെ നെൽ വികസനത്തിനും നാളികേര വികസനത്തിനും ഒരു സമഗ്ര പരിപാടി ശുപാർശ ചെയ്തിട്ടുണ്ട്. ആലപ്പുഴയുടെ കാർഷിക വികസനത്തെ സംബന്ധിച്ച് കൃഷി വകുപ്പ് സമഗ്രമായ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കൃഷിമന്ത്രി നേരിട്ടുതന്നെ ഡോ. സ്വാമിനാഥനുമായി ചർച്ച ചെയ്തിട്ടുമുണ്ട്.

## തടി ഡിപ്പോകളിലെ അഴിമതി

*286 ശ്രീ. വി. എൻ. വാസവൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, അൽഫോൺസ് കണ്ണന്താനം
,, ബി.ഡി. ദേവസ്സി
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള തടി ഡിപ്പോകളിലൂടെ തടി വില്പന നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) തടി ഡിപ്പോകളിലെ അഴിമതി സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) വനം വകുപ്പിന്റെ തടികൾ വില്പന നടത്തുമ്പോൾ വിലയുടെ കാര്യത്തിൽ ഏതെങ്കിലും വിഭാഗങ്ങൾക്ക് എന്തെങ്കിലും ഇളവ് അനുവദിക്കുന്നുണ്ടോ; എങ്കിൽ അവ വ്യക്തമാക്കുമോ;

(ഡി) തടികളുടെയും മറ്റ് വനോൽപ്പന്നങ്ങളുടെയും വില്പനയിലൂടെ സർക്കാരിന് എത്ര കോടി രൂപ പ്രതിവർഷം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ.ബിനോയ് വിശ്വം**
**(വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) ദർഘാസ്/ലേലം വഴിയാണ് തടി ഡിപ്പോകളിൽ പ്രധാനമായും വിൽപ്പന നടത്തുന്നത്. കൂടാതെ ചില്ലറ വിൽപ്പനയായിട്ടും ഡിപ്പോകളിലെ തടി വിൽപ്പന നടത്തി വരുന്നുണ്ട്.

(ബി) ഒറ്റപ്പെട്ട പരാതികൾ ലഭിക്കാറുണ്ട്. പരാതികൾ പരിശോധിച്ച് ലേലം സ്ഥിരീകരിക്കുന്ന സമയത്ത് യുക്തമായ തീരുമാനം എടുക്കാറുണ്ട്. റേറ്റ് കുറഞ്ഞുപോയി എന്ന് ബോദ്ധ്യപ്പെട്ടാൽ ലോട്ടുകളുടെ ലേലം റദ്ദാക്കിക്കൊണ്ട് പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല അന്വേഷണങ്ങളും ആയത് അനുസരിച്ചുള്ള അച്ചടക്ക നടപടികളും സ്വീകരിക്കാറുണ്ട്.

(സി) വനംവകുപ്പിന്റെ തടികൾ വിൽപ്പന നടത്തുമ്പോൾ വിലയുടെ കാര്യത്തിൽ ഒരു വിഭാഗത്തിനും ഇളവ് അനുവദിക്കാറില്ല. എന്നാൽ സ.ഉ.(എം.എസ്)6/07/വനം തീയതി 12.2.07 പ്രകാരം സെറ്റിൽമെന്റിൽ താമസിക്കുന്നവരും സർക്കാർ സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും ഹൗസിംഗ് സ്കീമിന്റെ ഗുണഭോക്താക്കളുമായ ആദിവാസികൾക്ക് 1.5 ക്യൂ. മീറ്റർ തട് സീനിയറേജ് വിലയുടെ 25 ശതമാനം ഈടാക്കിക്കൊണ്ട് വർഷം പരമാവധി 500 കുടുംബങ്ങൾക്ക് എന്ന തോതിൽ നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ഏകദേശം 200 കോടി രൂപ പ്രതിവർഷം ലഭിക്കുന്നുണ്ട്.

## വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിവ്

*287 ശ്രീ. യു. സി. രാമൻ
,, വി. കെ. ഇബ്രാഹിം കുഞ്ഞ്
,, പി. കെ. അബ്ദുറബ്ബ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനെതിരെ വ്യാപക പ്രതിഷേധം ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിവ് നടത്തിയിരുന്നോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് വ്യാപകമായ പ്രതിഷേധത്തെത്തുടർന്ന് ഈ പിരിവ് നിർത്തിവച്ച വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിവിനെതിരെ പ്രതിഷേധവുമായി ജനങ്ങൾ മുന്നോട്ടു വന്ന സാഹചര്യത്തിൽ മുൻ സർക്കാർ ചെയ്തതുപോലെ ഇത് നിർത്തിവയ്ക്കുമോ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് സെക്യൂരിറ്റി ഡെപ്പോസിറ്റിനെതിരെ സമരം നടത്തിയ പാർട്ടികളും സംഘടനകളും ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച 2005-ലെ സപ്ലൈ കോഡു പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിക്കുന്നുണ്ട്.

(ബി) വ്യാപക പ്രതിഷേധം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്

(ഡി) & (ഇ) മുൻ സർക്കാരിന്റെ കാലത്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിവ് നിർത്തി വെച്ചിട്ടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റി പിരിക്കുന്നുത്ത് ചട്ടപ്രകാരമാണ്. ആയതിനാൽ നിർത്തുന്ന കാര്യം ആലോചിച്ചിട്ടില്ല.

(എഫ്) താഴെപ്പറയുന്ന സംഘടന/വ്യക്തികൾ അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നതിനെതിരെ പരാതി സമർപ്പിച്ചിട്ടുണ്ട്.

1. ജോസ് മാളിയേയ്ക്കൽ, തൃശൂർ
2. നാട്ടിക ഉപഭോക്തൃ സമിതി
3. ഗുരുവായൂർ മർച്ചന്റ് അസോസിയേഷൻ
4. ചാവക്കാട് മർച്ചന്റ് അസോസിയേഷൻ
5. മലബാർ ഫുഡ് പ്രോഡക്ട് ഡീലേഴ്സ് അസോസിയേഷൻ
6. വൈദ്യുതി ഉപഭോക്തൃ സംരക്ഷണ സമിതി, ഇടക്കാട്
7. കോൺഫെഡറേഷൻ ഓഫ് കൺസ്യൂമർ വിജിലൻസ് സെന്റർ, കൊടുങ്ങാനൂർ
8. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ്
9. മറ്റു വ്യാപാര പ്രതിനിധികൾ
10. കൺസ്യൂമർ ഫെഡറേഷന്റെ പ്രതിനിധികൾ

## അവിവാഹിതരായ ആദിവാസി അമ്മമാർ

*288 ശ്രീ. പി. കൃഷ്ണപ്രസാദ്
,, കെ. സി. കുഞ്ഞിരാമൻ
,, ബാബു. എം. പാലിശ്ശേരി
,, ബി. രാഘവൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം എത്രയെന്ന് കണക്കാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്നു വ്യക്തമാക്കുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരുന്നത് തടയാൻ വകുപ്പ് തലത്തിൽ വ്യാപകമായ ബോധവൽക്കരണം നടത്തുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർ ആദിവാസി ഊരുകളിൽ എത്തി സർവ്വേ നടത്തി അവിവാഹിതരായ ആദിവാസി അമ്മമാരെ കണ്ടെത്തി അവരുടെ എണ്ണം കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ അവിവാഹിത അമ്മമാർ ഏറ്റവും കൂടുതലുള്ള വയനാട്ടിലെ തിരുനെല്ലി പഞ്ചായത്തിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകി വരുന്നു. ഭൂരഹിതരായ 32 അവിവാഹിത അമ്മമാർക്ക് 10 സെന്റ് സ്ഥലംവീതം വാങ്ങി നൽകുകയും ഇവർ ഉൾപ്പെടെ 75 അവിവാഹിത അമ്മമാർക്ക് വീട് വച്ച് നൽകുകയുമുണ്ടായി. തിരുനെല്ലി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൗവർലൂം മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ ഇവർക്ക് തൊഴിൽ നൽകി വരുന്നു. പാർപ്പിടം ഇല്ലാത്ത അവിവാഹിതരായ എല്ലാ അമ്മമാർക്കും വീട് വെച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ഇവർക്ക് കൃഷിഭൂമിയും കൃഷി ആയുധങ്ങളും മറ്റും വാങ്ങി നൽകി പുനരധിവസിപ്പിച്ചുവരികയും ചെയ്യുന്നു. തിരുനെല്ലി പഞ്ചായത്തിലെ അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് വർക്ക് ഷെഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 18 വയസ് പൂർത്തിയായ എല്ലാ അവിവാഹിത അമ്മമാർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ മുൻഗണന നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വകുപ്പുതലത്തിൽ ബോധവൽക്കരണം നടത്തി വരുന്നുണ്ട്.

## തോട്ടം മേഖലയുടെ പുനരുദ്ധാരണം

*289 പ്രൊഫ: കെ.വി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള കേന്ദ്രത്തിന്റെ പ്രത്യേക സാമ്പത്തിക പദ്ധതി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഗുണഫലങ്ങൾ കേരളത്തിലെ തോട്ടം മേഖലയ്ക്കു ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിവേദനത്തെത്തുടർന്ന് 280 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രായമേറിയ തോട്ടവിളകൾ മാറ്റുന്നതിനും പ്രതിസന്ധിയിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണവുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) തേയില, കാപ്പി, ഏലം തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന ഗവണ്മെന്റ് 1677 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. അടച്ചിട്ട തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്ന തിനുള്ള കർമ്മ പദ്ധതികൾ ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

## ഊർജ്ജ സുരക്ഷിതത്വ മിഷൻ

*290 ശ്രീ. ആനത്തലവട്ടം ആനന്ദൻ
,, കെ. വി. അബ്ദുൾ ഖാദർ
,, ബാബു എം. പാലിശ്ശേരി
,, എം. പ്രകാശൻ മാസ്റ്റർ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) ഊർജ്ജ സംരക്ഷണത്തിനായി സമ്പൂർണ്ണ ഊർജ്ജ സുരക്ഷിതത്വ മിഷൻ ഗ്രൂപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ഊർജ്ജസുരക്ഷിതത്വം കൈവരിക്കാൻ ഉദ്ദേശിക്കുന്നത് എങ്ങനെയെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ ഏജൻസികളാണ് മിഷന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്;

(ഡി) ഗ്രാമ വൈദ്യുതീകരണം, ചെറുകിട ജലവൈദ്യുതി സൗരോർജം തുടങ്ങിയ മേഖലകളിൽ ഊർജ്ജ സംരക്ഷണത്തിന് സ്വീകരി ക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ഇ) തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഈ പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) മിഷൻ ഗ്രൂപ്പിൽ ഏതു വിധത്തിലുള്ള സ്വകാര്യ പങ്കാളി ത്തമാണ് ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ഉദ്ദേശിക്കുന്നുണ്ട്.

എല്ലാ കുടുംബങ്ങൾക്കും കുറഞ്ഞത് പ്രതിദിനം ഒരു യൂണിറ്റ് വൈദ്യുതിയും പ്രതിവർഷം 8 സിലിണ്ടർ എൽ.പി.ജി.-ക്കു തുല്യമായ പാചക (താപോർജ്ജ) ഇന്ധനവും ലഭ്യമാക്കുകയാണ് ഈ മിഷനിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന സുപ്രധാന ഊർജ്ജ സുരക്ഷാ ലക്ഷ്യം. 11-ാം പദ്ധതിക്കാലത്ത് (2007-2012) ഈ ലക്ഷ്യം നേടാനാകണമെന്ന് ഉദ്ദേശിക്കുന്നു.

(ബി) സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണം, സമഗ്രമായ ഊർജ്ജ സംരക്ഷണ നടപടികൾ പരമ്പരാഗത രീതിയിലുള്ള ഊർജ്ജ സാദ്ധ്യതകൾ പരിശോധിക്കുന്ന തോടൊപ്പം അക്ഷയ ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജലശക്തിയും കാറ്റിന്റെ ശക്തിയും മാലിന്യങ്ങളിൽ നിന്നുള്ള ഊർജ്ജവും ജൈവോർജ്ജവും സൗരോർജ്ജവുമുമൊക്കെ ഫലപ്രദമായി വിനിയോഗിക്കൽ എന്നീ നടപടികളിലൂടെ യാണ് കേരളത്തിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, അനെർട്ട്, എനർജി മാനേജുമെന്റ് സെന്റർ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയ്ക്കൊപ്പം ടൂറിസം, ഫിഷറീസ്, വനം, ഭവന നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വകുപ്പുകളുടെ കൂടി സഹകരണത്തോടെയാണ് മിഷൻ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകാനുദ്ദേശിക്കുന്നത്.

(ഡി)
1. ഗ്രാമ വൈദ്യുതീകരണം:- ഗ്രാമ വൈദ്യൂതീകരണ പ്രവർത്തനങ്ങളിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്ന തിലൂടെ ഏറ്റവും ദരിദ്രരായ വിഭാഗങ്ങൾക്കും വൈദ്യുതി എത്തിക്കുകയാണ് ലക്ഷ്യം. ഇതിനായി വൈദ്യുതി വിതരണ ശൃംഗല നീട്ടുന്നതിനു പ്രാദേശിക മായുള്ള പ്രതിബന്ധങ്ങൾ പരിഹരിക്കുക, വീട് വയറിംഗ് നടത്തുന്നതിന് സഹായം നൽകുക, വൈദ്യുതി ശൃംഗല ഇനിയും എത്താത്തിടത്ത്

എത്തിക്കുന്നതിന് ആവശ്യമെങ്കിൽ പുതിയ ട്രാൻസ്ഫോർമറുകളും പോസ്റ്റുകളും മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുക, ശൃംഗല എത്തിക്കാനാകാത്തയിടങ്ങളിൽ സൗരോർജ്ജം ഉൾപ്പെടെയുള്ള ആക്ഷയ ഊർജ്ജ സ്രോജസ്സുകളെ അടിസ്ഥാനമാക്കി വൈദ്യുതി ഉൽപാദിപ്പിക്കുന്ന തിന് ഊന്നൽ കൊടുക്കുക തുടങ്ങിയ നടപടികളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

2. ചെറുകിട ജലവൈദ്യുതി:- സംസ്ഥാനത്തെ ചെറുകിട ജലശക്തി പരമാവധി പ്രയോജനപ്പെടുത്താൻ സഹായകരമാകുന്നവിധം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക, അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരമ സ്ഥാപനങ്ങളുടെ സഹായംകൂടി ഉറപ്പാക്കിക്കൊണ്ട് സമാനമായ ഉയര വ്യത്യാസവും (Head) നീരൊഴുക്കും (Discharge) കഴിയുന്നത്ര ലഭ്യമായ പദ്ധതികളുടെ നിർമ്മാണം ഒന്നിച്ച് ഏറ്റെടുക്കുകയും നൂതനമായ പദ്ധതി രൂപവൽക്കരണ നടത്തിപ്പു സമീപനങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നതിലൂടെ ചെലവു കുറച്ചുകൊണ്ട് പദ്ധതികൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക. വൈദ്യുതി റെഗുലേറ്ററി അതോറിറ്റിയുമായി ചർച്ച ചെയ്ത് ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് മെച്ചപ്പെട്ട താരിഫ് ലഭ്യമാക്കുക, ചെറുകിട ജലവൈദ്യുത പദ്ധതികൾ ലാഭകരമാക്കുന്നതിന് സഹായകമായ മാറ്റങ്ങൾ നിലവിലുള്ള സ്റ്റാർഡേർഡുകളിൽ ഉൾപ്പെടുത്തുക, പദ്ധതി നിർവ്വഹണത്തിനും നടത്തിപ്പിനും പുതിയ സംരഭകത്വ മാതൃകകൾ ആവിഷ്ക്കരിക്കുക തുടങ്ങിയ നടപടികൾ ഉദ്ദേശിച്ചിരിക്കുന്നു.

3. സൗരോർജ്ജം:- ഇന്നു വിവിധയിടങ്ങളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള സൗര വൈദ്യുതോൽപാദന സംവിധാനങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുക, ശൃംഗലാ വൈദ്യുതി എത്തിക്കാനിടയില്ലാത്ത സ്ഥലങ്ങളിൽ മറ്റ് അക്ഷയ ഊർജ്ജ സംവിധാനങ്ങളോടൊപ്പം ഇവയും ഉപയോഗപ്പെടുത്തുക, സ്വന്തമായി പണം മുടക്കി സൗര വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കാൻ താൽപര്യമുള്ളവർക്ക് അവ ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കുക, സൗരോർജ്ജ ഉപകരണങ്ങളുടെ സർവ്വീസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയവ ചെയ്യുന്നതിന് പ്രത്യേകം പരിശീലനം നേടിയിട്ടുള്ള പ്രവർത്തകരുടെ സേവനം എല്ലാ ജില്ലയിലും ഉറപ്പാക്കുക, വലിയ കെട്ടിടങ്ങളിലും, ഹോട്ടലുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിലുമൊക്കെ ഊർജ്ജ സംരക്ഷണ ഉപാധി എന്ന നിലയ്ക്ക് ആവശ്യമെങ്കിൽ സൗരതാപോർജ്ജ ഉപകരണങ്ങൾ നിർബ്ബന്ധമാക്കുക തുടങ്ങിയ നടപടികളോടൊപ്പം ഊർജ്ജക്ഷമതയേറിയ എൽ.ഇ.ഡി. സാങ്കേതിക വിദ്യയിലൂടെയും മറ്റും സൗരോർജ്ജ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്ന തിനും പ്രാധാന്യം നൽകുന്നതാണ്.

ബന്ധപ്പെട്ട ഓരോ മേഖലയിലും ഇത്തരത്തിലുള്ള വിവിധ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെയാണ് സംസ്ഥാനത്ത് ഊർജ്ജ സുരക്ഷ കൈവരിക്കാനുദ്ദേശിക്കുന്നത്.

(ഇ) ഗ്രാമ വൈദ്യുതീകരണം, അക്ഷയ ഊർജ്ജവികസനം, ഊർജ്ജ സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഒമ്പതും പത്തും പദ്ധതിക്കാലത്തുതന്നെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പങ്കാളികളായിരുന്നു. പതിനൊന്നാം പദ്ധതിക്കാലത്ത് ഈ പങ്കാളിത്തം കൂടുതൽ സമഗ്രവും വിപുലവും ഫലപ്രദവുമായി മുന്നോട്ടു കൊണ്ടുപോകാനാണ് ഈ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മുൻനിര പ്രവർത്തകരുമായി ഇത് സംബന്ധിച്ചുള്ള ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു.

(എഫ്) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ മുന്നോട്ടു വയ്ക്കുന്ന പ്രവർത്തനങ്ങളിൽ രണ്ടു വിധത്തിലുള്ള സ്വകാര്യ പങ്കാളിത്തം ലക്ഷ്യമാക്കുന്നു.

പവനോർജ്ജം, ഉയർന്ന ശേഷിയുള്ള ചെറുകിട ജലവൈദ്യുതി തുടങ്ങിയവയുടെ വികസനത്തിന് ഐ.പി.പി. (സ്വതന്ത്ര ഊർജ്ജോത്പാദകർ) രീതിയിൽ സ്വകാര്യ സംരംഭകർക്ക് നേരിട്ട് നിക്ഷേപം നടത്താൻ സൗകര്യം നൽകുന്നതാണ് ഒന്നാമത്തെ മാർഗ്ഗം.

ചെറുകിട സംരംഭങ്ങളിലൂടെ (പ്രധാനമായും ജൈവോർജ്ജ പദ്ധതികളും തീരെ ചെറിയ ജലവൈദ്യുത പദ്ധതികളും മറ്റും) ഗ്രാമീണ വൈദ്യൂതീകരണത്തിനും ഗ്രാമീണ ഉൽപാദന സംരംഭങ്ങൾക്കുമുള്ള ഊർജ്ജത്തിനും മറ്റുമായി നിക്ഷേപം നടത്താൻ സഹകരണ സ്ഥാപനങ്ങളേയും അയൽക്കൂട്ടങ്ങൾ, സ്വയംസഹായം സംഘങ്ങൾ തുടങ്ങിയവയേയും പ്രോൽസാഹിപ്പിക്കുന്നതാണ് രണ്ടാമത്തെ മാർഗ്ഗം.

## കൃഷിഫാം നവീകരണം

*291 ശ്രീ.രാജാജി മാത്യു തോമസ്
,, കെ.അജിത്
,, കെ.രാജു
,, എ.കെ.ചന്ദ്രൻ
,, പള്ളിപ്രം ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷി വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതെന്നു വിശദമാക്കുമോ;

(സി) ഇതിനായി എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ഡി) ഫാമുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

**ഉത്തരം : ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) 11-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി ഫാമുകളുടെ നവീകരണത്തിനായി ചുവടെച്ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

1. ഗവേഷണ സ്ഥാപനങ്ങളിൽനിന്നും അത്യുൽപാദനശേഷിയുള്ള പുതിയയിനം നടീൽ വസ്തുക്കളുടെ ന്യൂക്ലിയസ് വിത്തുകൾ വാങ്ങി ഫാമുകളിൽ വർദ്ധനവ് നടത്തി കർഷകർക്ക് വിതരണം നടത്തുക.
2. വിപണനമൂല്യമുള്ള വിളകളുടെ പ്രജനന തോട്ടങ്ങളും മാതൃവൃക്ഷത്തോട്ടങ്ങളും ശാസ്ത്രീയമായി പരിപാലിക്കുകയും അവയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്യുക.
3. നിലവിലുള്ള വിളകളെ ശാസ്ത്രീയമായി പരിപാലിക്കുക
4. ജലസേചന സൗകര്യം കാര്യക്ഷമമാക്കുക.
5. ഫാമുകളിൽ ചെറുകിട മരാമത്തു പണികൾ നടപ്പിലാക്കുക
6. കേന്ദ്രാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിച്ച് വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ ഉൽപാദിപ്പിക്കുക.
7. ഫാമുകളിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക
8. കൃഷി വകുപ്പ് ഫാമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക സെൽ രൂപീകരിച്ച് ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തും.

ഈ സാമ്പത്തിക വർഷം കൃഷി ഫാമുകളിലൂടെ നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും നടത്തുന്നതിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 150 ലക്ഷം രൂപ വിനിയോഗിച്ച് നടീൽ വസ്തുക്കൾ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ നടപ്പു സാമ്പത്തിക വർഷം 20.21 ലക്ഷം എണ്ണം വിത്തുതേങ്ങ സംഭരിച്ച് വിവിധ നേഴ്സറികളിലും ഫാമുകളിലും പാകുന്നതിന് 389.09 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ സർക്കാർ പരിഗണിച്ചു വരുന്നു.

(സി) 2006-07 സാമ്പത്തിക വർഷം ഫാമുകളുടെ വികസനത്തിനും വിവിധ പ്രവർത്തനങ്ങൾക്കുമായി 150 ലക്ഷം രൂപയാണ് വകയിരുത്തിയത്.

1. നടീൽ വസ്തുക്കളുടെ ഉൽപാദനത്തിനും വിതരണത്തിനുമായി 95 ലക്ഷം രൂപയും ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 25 ലക്ഷം രൂപയുടെ അടക്കം 120 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. മുഴുവൻ

തുകയും ഈ സാമ്പത്തിക വർഷംതന്നെ ചെലവഴിക്കുന്നതാണ്.

2. തെങ്ങിൻ തൈകളുടെ ഉൽപാദനത്തിനും വിതരണത്തിനുമായി 389.09 ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 102 ലക്ഷം രൂപ ചെലവഴിച്ച് വിത്തുതേങ്ങാസംഭരണം നടത്തി വരുന്നു. ഇപ്രകാരം സംഭരിക്കുന്ന 20.21 ലക്ഷം വിത്തുതേങ്ങ സംസ്ഥാനത്തെ വിവിധ ഫാമുകളിൽ പാകി 2008 നടീൽ സീസണിൽ കർഷകർക്ക് ലഭ്യമാക്കുന്നതാണ്. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ ഏകദേശം 14.7 ലക്ഷം എണ്ണം വിത്തുതേങ്ങ സംഭരിച്ചുകഴിഞ്ഞു. വിത്തുതേങ്ങ സംഭരണം മേയ്മാസം വരെ തുടരുന്നതാണ്.

(ഡി) ഉണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) നം. 132/06/കൃഷി തീയതി 18.12.2006 അനുസരിച്ച് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഒരു ഏഴംഗ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സമിതി മൂന്നു പ്രാവശ്യം കൂടുകയുണ്ടായി. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കും.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാൻ നടപടി

*292 ശ്രീ. കെ. ബി. ഗണേഷ്കുമാർ
'' തോമസ് ചാണ്ടി
'' കെ.കെ. ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്തെ പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലമുള്ള ബുദ്ധി മുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(ബി) പട്ടികസമുദായ വിദ്യാർത്ഥികളുടെ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

2005-06 വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശിക ഉണ്ടായിരിക്കുന്നത് കൊടുത്തു തീർത്തിട്ടുണ്ട്. ഈ അദ്ധ്യയന വർഷം തുടക്കത്തിൽ തുക മുൻകൂറായി നൽകിയിരുന്നു. ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ നടപടികളെടുത്തിട്ടുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള അതാതു വർഷത്തെ ലംപ്സംഗ്രാന്റും നാല് മാസത്തെ മെസ് ചാർജ്ജും/സ്റ്റൈപ്പന്റും അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ മുഖേന വകുപ്പിൽനിന്നും മുൻകൂറായി നൽകി വരുന്നു. തുടർന്നുള്ള മാസങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള ആനുകൂല്യങ്ങൾ റഗുലർ സാംഗ്ഷൻ നൽകിയശേഷം സ്ഥാപനങ്ങളിൽനിന്നും ബില്ല് ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നു. ഫീസ് ആനുകൂല്യം സ്ഥാപനത്തിൽനിന്നും ബിൽ/സ്റ്റേറ്റുമെന്റ് ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച് വരുന്നു.

## പട്ടികജാതി വികസന കോർപ്പറേഷന്റെ വിദ്യാഭ്യാസവായ്പ

*293 ശ്രീ. ടി.പി. കുഞ്ഞുണ്ണി
ശ്രീ. എം.കെ. പുരുഷോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും തൊഴിലധിഷ്ഠിത കോഴ്സുകളിൽചേർന്ന് പഠിക്കുന്നതിന് പട്ടികജാതി വികസന കോർപ്പറേഷൻ വായപ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈ ഇനത്തിൽ എത്ര പേർക്ക് വീതം ധനസഹായം നൽകിയിട്ടുണ്ട്:

(സി) ഇതിനായി വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കു ന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് കോർപ്പറേഷൻ വായ്പ അനുവദിക്കുന്നുണ്ടോ; പരമാവധി എത്ര രൂപയാണ് വായ്പയായി അനുവദിക്കുന്നത്; ഇതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഇ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര പേർക്കു വീതം ഇതിന്റെ പ്രയോജനം ലഭിച്ചു;

(എഫ്) കൂടുതൽ പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ഈ ഇനത്തിൽ കൂടുതൽ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലുമുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ ബിരുദ/പ്രൊഫണഷൽ ബിരുദാനന്തര കോഴ്സുകളിൽ ചേർന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി 2000 മുതൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പ നൽകി വരുന്നുണ്ട്. സംസ്ഥാനത്തിനകത്ത് വച്ചുള്ള പഠനത്തിന് വായ്പാതുക പരമാവധി 50,000/- രൂപയും മറ്റു സംസ്ഥാനങ്ങളിൽ വെച്ചുള്ള പഠനത്തിന് 1 ലക്ഷം രൂപയുമാണ്. ഉപരിപഠനം നടത്തുന്നതുമായി ബന്ധപ്പെട്ട കോഴ്സ് ഫീ, ഹോസ്റ്റൽ ഫീ, പാഠ്യവസ്തുക്കൾ വാങ്ങുന്നതിനുള്ള ചെലവ് തുടങ്ങിയവയ്ക്കായി പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.

(ബി) 2004-05 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിൻകീഴിൻ 30 പേർക്കായി 12,27,060/- രൂപയും 2005-06 വർഷത്തിൽ 25 പേർക്കായി 11,73,072/- രൂപയും ഈ സാമ്പത്തിക വർഷത്തിൽ 28.2.07 വരെ 35 പേർക്കായി 16,81,815/- രൂപയുടെ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(സി) കോർപ്പറേഷന്റെ വിദ്യാഭ്യാസ വായ്പാ പദ്ധതിയിൻകീഴിൽ പരിഗണിക്കുന്നതിനായി വിദ്യാർത്ഥിനീ-വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെക്കൊടുക്കുന്നു.

1. അപേക്ഷകർ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരിക്കണം.
2. കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടുള്ളതല്ല.
3. പ്രായം 18-നും 35-നും ഇടയിലായിരിക്കണം.
4. ഉപരി പഠനത്തിനായി നിശ്ചിത കോഴ്സിൽ പ്രവേശം ലഭിച്ചു എന്നു തെളിയിക്കുന്ന രേഖകൾ ബന്ധപ്പെട്ട കോളേജധികൃതരുടെ സാക്ഷ്യപത്രം സഹിതം അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം.
5. മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഉപരിപഠനാർത്ഥം

ഏതെങ്കിലും തരത്തിലുള്ള ധനസഹായം/വായ്പ എന്നിവ ലഭിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല

6. അപേക്ഷകർ ഉപരിപഠനത്തിനായി തെരഞ്ഞെടുക്കുന്ന സ്ഥാപനം സംസ്ഥാന സർക്കാരിന്റെയോ/കേന്ദ്ര സർക്കാരിന്റെയോ അംഗീകാരം ലഭിച്ചവയായിരിക്കണം.

ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന ടാർജറ്റിന്റെ പൂർത്തീകരണത്തിനായി ഫസ്റ്റ് കം ഫസ്റ്റ് സെർവ്വ് (ആദ്യം വരുന്നവർക്ക് ആദ്യ പരിഗണന) എന്ന ക്രമത്തിലാണ് അപേക്ഷകരെ പരിഗണിക്കുന്നത്.

(ഡി) കോർപ്പറേഷൻ നടപ്പിലാക്കുന്ന വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ പട്ടിക ജാതിയിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ഏതെങ്കിലും അംഗീകൃത വിദേശ സർവ്വകലാശാല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത പ്രൊഫഷണൽ ബിരുദ/പ്രൊഫഷണൽ ബിരുദാനന്തര കോഴ്സുകളിലോ മറ്റു ഗവേഷണ കോഴ്സുകളിലോ പഠനം നടത്തുന്നതിനുവേണ്ടി നിബന്ധനകൾക്കു വിധേയമായി വായ്പ നൽകുന്നുണ്ട്. ഇതിനായി പരമാവധി 10 ലക്ഷം രൂപ വരെയാണ് വായ്പ അനുവദിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ താഴെപ്പറയുന്നു.

1. കുടുംബവാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
2. പ്രായം 18-നും 35-നു ഇടയിലായിരിക്കണം.
3. അപേക്ഷകന് നിർദ്ദിഷ്ട വിദേശ സർവ്വകലാശാലയിൽ/വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചിരിക്കണം. ഇത് തെളിയിക്കുന്നതിനായി ആധികാരികമായ രേഖയും ഹാജരാക്കേണ്ടതാണ്.
4. അപേക്ഷകന് അംഗീകൃത പാസ്പോർട്ട് ഉണ്ടായിരിക്കണം.
5. മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പ്രസ്തുത ഉപരി പഠനാർത്ഥം ഏതെങ്കിലും തരത്തിലുള്ള ധനസഹായമോ പ്രവേശനം ലഭിച്ച സ്ഥാപനത്തിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള സ്കോളർഷിപ്പ്/ ഫെലോഷിപ്പ് എന്നിവയോ ലഭിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല.
6. ഉപരപഠനം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന് ഭാരത സർക്കാരിന്റെയോ ബന്ധപ്പെട്ട രാജ്യത്തെ ഗവണ്മെന്റിന്റെയോ അംഗീകാരമുള്ളതായിരിക്കണം.

(ഇ) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലും ഈ സാമ്പത്തിക വർഷത്തിലും വിദേശവിദ്യാഭ്യാശ വായ്പാ പദ്ധതിക്കു കീഴിൽ ആർക്കും വായ്പ നൽകിയിട്ടില്ല.

(എഫ്) വിദ്യാഭ്യാസ വായ്പാ പദ്ധതിയിൻകീഴിൽ പരമാവധി വിദ്യാർത്ഥീ വിദ്യർത്ഥിനികൾക്ക് ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 53 ലക്ഷം രൂപ പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ വകയിരുത്തിയിട്ടുണ്ട്. എന്നാൽ വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതിക്കു കീഴിൽ വായ്പാ തുക യൂണിറ്റ് ഒന്നിന് വളരെ കൂടുതലായതിനാൽ വളരെയധികം പേർക്ക് പ്രസ്തുത തുക വായ്പ നൽകുന്നത് കോർപ്പറേഷന്റെ ധനസ്ഥിതി പരിഗണിച്ച് പ്രായോഗികമല്ല. ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഏതെങ്കിലും ജാമ്യവ്യവസ്ഥകൾ പാലിച്ച് ആരുംതന്നെ വായ്പ കൈപ്പറ്റിയിട്ടില്ല. സംസ്ഥാന സർക്കാരിൽനിന്നും കോർപ്പറേഷന് ഓരോ വർഷവും ലഭ്യമാകുന്ന ഓഹരി മുലധനം ഉപയോഗിച്ച് മാത്രമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി മാത്രമേ വായ്പ നൽകുവാൻ സാധിക്കുകയുള്ളൂ.

## <u>വാണിജ്യബാങ്കുകളിലെ ഈ വർഷത്തെ നിക്ഷേപവും കാർഷിക വായ്പയും</u>

*294 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. സുധാകരൻ
,, കെ. ബാബു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ മൊത്തം എന്തു തുക നിക്ഷേപിയ്ക്കപ്പെട്ടു;

(ബി) ഇതിൽ കർഷകർക്ക് എന്തു തുക വായ്പയായി നൽകി;

(സി) ഈ വർഷം കാർഷിക വായ്പയായി എത്ര രൂപ നൽകണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) സംസ്ഥാനത്തിനുപുറത്ത് വായ്പ നൽകുവാൻ ഇതിൽ നിന്നും എന്തു തുക വിനിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) 2006 സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിലവിലുള്ള മൊത്തം നിക്ഷേപത്തുക 85594 കോടി രൂപയാണ്.

(ബി) 2006-07 സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ 5434 കോടി രൂപ കാർഷിക വായ്പയായി നൽകിയിട്ടുണ്ട്. 2006 സെപ്റ്റംബർ 30 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്തെ ബാങ്കുകളിൽ നിലവിലുള്ള കാർഷിക വായ്പ 10121 കോടി രൂപയാണ്.

(സി) ഈ വർഷം 9645 കോടി രൂപ കാർഷിക വായ്പയായി നൽകുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

## വാണിജ്യ നികുതി വകുപ്പിലെ അഴിമതി

*295 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' വി. ശശികുമാർ
'' പി.പി. അബ്ദുള്ളക്കുട്ടി
'' കെ. കുഞ്ഞിരാമൻ
'' പി.ടി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിലെ അഴിമതിയും ക്രമക്കേടും തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം ;

(ബി) വാണിജ്യ നികുതി വകുപ്പിൽ അഴിമതിയുടെയും ക്രമക്കേടിന്റെയും പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ പ്രവർത്തിക്കുന്ന താത്ക്കാലിക ചെക്ക് പോസ്റ്റുകളുടെ കെട്ടിട വാടക, വൈദ്യുതി ചെലവ് എന്നിവ അവിടെ ജോലി ചെയ്യുന്ന ജീവനക്കാർ തന്നെയാണ് വഹിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് അഴിമതിയ്ക്ക് ഇടയാക്കുമെന്നതിനാൽ താത്ക്കാലിക ചെക്ക്പോസ്റ്റുകളുടെ കെട്ടിടവാടക, വൈദ്യുതി ചെലവ് എന്നിവ സർക്കാർ തന്നെ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം : ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) വാണിജ്യ നികുതി വകുപ്പിലെ അഴിമതിയും ക്രമക്കേടും തടയുന്നതിലേയ്ക്കായി വകുപ്പിലെ ഇന്റലിജൻസ് വിഭാഗവും പോലീസ് വിജിലൻസ് വിഭാഗവും ചെക്ക് പോസ്റ്റുകളിലും ആഫീസുകളിലും മിന്നൽപ്പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തിയാൽ നികുതി, പിഴ എന്നിവ ഈടാക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം 207 പരിശോധനകളും പോലീസ് വിജിലൻസ് വിഭാഗം 8 പരിശോധനകളും കഴിഞ്ഞ വർഷം നടത്തിയിട്ടുണ്ട്. ഇത്തരം മിന്നൽപ്പരിശോധനകൾ ഇടക്കിടെ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അഴിമതിയുടെയും ക്രമക്കേടിന്റെയും പേരിൽ 2006-07 സാമ്പത്തിക വർഷത്തിൽ 20 ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്

(ഡി) സ്വീകരിക്കുന്നതാണ്.

## കേര കൃഷി ലാഭകരമാക്കാൻ പദ്ധതി

*296 ശ്രീ. പി. വിശ്വൻ
" എ.സി.മൊയ്തീൻ
" കെ.വി.അബ്ദുൾ ഖാദർ
" എ.എം.ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **കൃഷി വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ കുറച്ചത് കേരകർഷകരെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കേര കൃഷി ലാഭകരമാക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ;

(സി) ഇളനീരും കാമ്പും ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം:ശ്രീ. മുല്ലക്കര രത്നാകരൻ**
**(കൃഷി വകുപ്പുമന്ത്രി)**

(എ) കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ കുറച്ചത് കേരകർഷകരെ ദോഷകരമായി ബാധിക്കും. 2007-2008-ലെ കേന്ദ്ര ബജറ്റിൽ ഭക്ഷ്യ എണ്ണകൾക്ക് നിലവിലുണ്ടായിരുന്ന 4% അധിക കസ്റ്റംസ് തീരുവ നിർത്തലാക്കി. കൂടാതെ ശുദ്ധീകരിച്ച സൂര്യകാന്തി എണ്ണക്കും ശുദ്ധീകരിക്കാത്ത എണ്ണക്കും നിലവിലുണ്ടായിരുന്ന 75%, 65% നിരക്കിലുള്ള ഇറക്കുമതി തീരുവ യഥാക്രമം 60%, 50% എന്ന നിരക്കിലേക്ക് കുറച്ചു. ഇത് ഇന്ത്യയിലേക്ക് ഈ ഉൽപ്പന്നങ്ങളുടെ കൂടുതൽ ഇറക്കുമതിക്കുള്ള സാഹചര്യം സൃഷ്ടിക്കുകയും തദ്വാരാ ആഭ്യന്തര ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണയുടെയും, തേങ്ങയുടെയും വിലയിടിവിന് കാരണമാവുകയും ചെയ്യും.

(ബി) കേരകൃഷി ലാഭകരമാക്കുന്നതിന് കേരശ്രീ എന്ന സമഗ്ര പദ്ധതി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ നാളികേര കൃഷിയിൽ നിന്നും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും വർദ്ധനവുണ്ടാക്കി കേര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും കൂടാതെ നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുക തുടങ്ങിയവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. 2007-08 സാമ്പത്തിക വർഷത്തേക്കായി 1120 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്.

നാളികേര വികസന ബോർഡിന്റെ ധന സഹായത്തോടുകൂടി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിൽ ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറി സ്ഥാപിക്കൽ, തൈ വിതരണം, കാറ്റു വീഴ്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണം, മെച്ചപ്പെട്ട കാർഷിക പരിപാലനം, സമ്മിശ്ര കൃഷി, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകൾ ആരംഭിക്കുക, നീരയുടെ പ്രചാരണം എന്നിവ ഉൾപ്പെടുന്നു.

(സി) ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി 2005-06 വർഷത്തിൽ കേരള സന്ദർശനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച വിഷൻ 2010 പദ്ധതികളിൽ ഉൾപ്പെടുത്തി കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവ് ലക്ഷ്യമാക്കിക്കൊണ്ട് ഒരു പദ്ധതി കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുകയാണ്. ഇതിന്റെ ഭാഗമായി മൊബൈൽ ഇളനീർ വില്പന കേന്ദ്രങ്ങൾ വിവിധജില്ലകളിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഇളനീരും മറ്റും ഉപയോഗിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

(ഡി) വിഷൻ 2010 ന്റെ ഭാഗമായി ചെറുകിട നാമമാത്രകർഷകർക്ക് മൊബൈൽ ഇളനീർ വിൽപന ശാലകൾ' സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നു. കെയ്കോ, കാംപ്കോ എന്നീ സ്ഥാപനങ്ങൾ നിർമ്മിച്ച യൂണിറ്റുകൾക്ക് വിലയുടെ 25 % ധനസഹായം (പരമാവധി 12,500 രൂപ) സബ്സിഡിയായി അനുവദിച്ചു വരുന്നു. ഈ പദ്ധതിയിൻകീഴിൽ നാളികേരത്തിന്റെയും, മറ്റ് കാർഷികോൽപ്പന്നങ്ങളുടെയും മൂല്യ വർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ടിന്റെ 25% പരമാവധി 10 ലക്ഷം, 5 ലക്ഷം, 1 ലക്ഷം രൂപ വീതം യഥാക്രമം ഹൈ ഇൻവെസ്റ്റ്മെന്റ് 'മീഡിയം ഇൻവെസ്റ്റ്മെന്റ്', വ്യക്തിഗത യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് നൽകി വരുന്നു.

## പെരിയാർ മലിനീകരണ പ്രശ്നം

*297 ശ്രീ. എം. എം. മോനായി
,, എ. എം. യൂസഫ്
,, എം. കെ. പുരുഷോത്തമൻ
,, എം. ജെ. ജേക്കബ്
,, സി. എം. ദിനേശ്മണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പെരിയാറിലെ വെള്ളത്തിൽ ചെളി കലർന്നതിനെക്കുറിച്ച് അന്വേഷിക്കാനും പരിഹാരം നിർദ്ദേശിക്കാനുമായി വൈദ്യുതി ബോർഡ് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ കണ്ടെത്തലുകളും പരിഹാര നിർദ്ദേശങ്ങളും എന്തെന്നു വ്യക്തമാക്കുമോ;

(സി) ചെളിയുടെ അളവ് കുറയ്ക്കുന്നതിനായി വൈദ്യുതി ഉല്പാദനം നിറുത്തിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മുൻപൊരിക്കലും ഉണ്ടാകാത്ത രീതിയിൽ പെരിയാർ മലിനമായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) ജലത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ പെരിയാർ ജലത്തിലെ കലക്കൽ പൊതുവേ കുറഞ്ഞു വരുന്നതായും വെള്ളം തെളിഞ്ഞു വരുന്നതായും കാണപ്പെട്ടു.

നേര്യമംഗലം, പവർ ഹൗസിനും ലോവർ പെരിയാർ പവർ ഹൗസിനും ഇടയിൽ പലയിടത്തും പുഴയിൽ മണൽ വാരൽ നടക്കുന്നതായും, ഈ ഭാഗങ്ങളിൽ ജലത്തിൽ താരതമ്യേന കലക്കൽ കൂടുതൽ ഉള്ളതായും കാണപ്പെട്ടു.

ലോവർ പെരിയാർ പവർ ഹൗസിൽ നിന്നുള്ള ജലത്തിൽ കാണപ്പെടുന്ന നേരിയ തോതിലുള്ള കലക്കൽ പെരിയാറിലെ ജലത്തിൽ അന്നുണ്ടായിരുന്ന കലക്കലിനെ കൂടുതലാക്കുന്ന തരത്തിൽ ബാധിക്കാനിടയില്ലെന്നാണ് സമിതിയുടെ നിഗമനം. ഡാമിൽ ക്രമാതീതമായി ചെളി അടിഞ്ഞു കൂടിയതും പെരിയാറിൽ കൂടുതൽ കലക്കൽ ഉണ്ടാക്കാൻ കാരണമായതായി സമിതി വിലയിരുത്തി. ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

(സി) ഇല്ല. പള്ളിവാസൽ, പന്നിയാർ, ശെങ്കുളം, ഇടമലയാർ പദ്ധതികളിൽ വൈദ്യുതോൽപാദനം നടത്തി കൂടുതൽ തെളിഞ്ഞ വെള്ളം പെരിയാറിലേക്ക് ഒഴുക്കി വിട്ട് പ്രശ്നത്തിന് പരിഹാരം കാണുകയാണ്.

(ഡി) നേര്യമംഗലം എക്സ്റ്റൻഷൻ പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോഴുള്ള പെൻ സ്റ്റോക്കിൽ ഒരു `Y' (വൈ) പീസ് ഘടിപ്പിക്കുന്നതിനായി കല്ലാർകുട്ടി ഡാം പൂർണ്ണമായി വറ്റിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണ് കല്ലാർകുട്ടി ഡാമിന്റെ അടിത്തട്ടിൽ ഊറിക്കൂടിയിരിക്കുന്ന ചെളിയും, മണലും പാബ്ളഡാമിലേക്കും അവിടെ നിന്നും പെരിയാറിലേക്കും എത്താനിടയായത്..

## സംസ്ഥാനത്തെ റിസർവ് വനങ്ങളും സംരക്ഷിത വനങ്ങളും

*298 ശ്രീ. സി.എഫ്. തോമസ്
,, കെ. എം. മാണി
തോമസ് ഉണ്ണിയാടൻ
പ്രൊഫ: എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുമുൽപ്പാട് Vs കേരള സംസ്ഥാനം എന്ന കേസിൽ സുപ്രീം കോടതി എല്ലാ സംസ്ഥാനങ്ങളോടും അവരുടെ കീഴിലുള്ള വനഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിച്ച് റിപ്പോർട്ട് ഫയൽ ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നോ ;

(ബി) ഇതനുസരിച്ച് സംസ്ഥാന സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ധ സമിതി റിപ്പോർട്ട് നൽകിയത് എന്നാണ്;

(സി) പ്രസ്തുത റിപ്പോർട്ട് എന്നാണ് സുപ്രീം കോടതിയിൽ ഫയൽ ചെയ്തത്;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാനത്തെ ആകെ റിസർവ് വനങ്ങളും സംരക്ഷിത വനങ്ങളും എത്രയാണെന്നാണ് കാണിച്ചിരിക്കുന്നത്;

(ഇ) പ്രസ്തുത റിപ്പോർട്ടിൽ റവന്യൂ വകുപ്പിന്റെ അധീനതയിലിരിക്കുന്ന റിസർവ് വനങ്ങൾ എത്രയാണ്;

(എഫ്) അത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ. ബിനോയ് വിശ്വം**
**(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിധി 22.9.97 ന് ആണ് റിപ്പോർട്ട് നൽകിയത്.

(സി) പ്രസ്തുത റിപ്പോർട്ട് 1997 ൽ ത്തന്നെ സുപ്രീം കോടതിയിൽ ഫയൽ ചെയ്തു.

(ഡി) റിപ്പോർട്ട് അനുസരിച്ച് വനം വകുപ്പിന്റെ അധീനതയിലുള്ള റിസർവ്വ് വനങ്ങളും നിക്ഷിപ്ത വനങ്ങളും ഇതര വനങ്ങളും എല്ലാം കൂടി 11217.4208 ചതുരശ്ര കിലോമീറ്റർ ആണ്.

(ഇ) വനം റവന്യൂ വകുപ്പിന്റെ സംയുക്ത അധീനതയിലുള്ള കാർഡമം ഹിൽ വനങ്ങൾ റിസർവ്വ് വനങ്ങളുടെ പട്ടികയിൽ ചേർത്തിട്ടുണ്ട്. ഇതു കൂടാതെ 6.4478 ചതുരശ്ര കിലോമീറ്റർ ഏരിയ ഉള്ള വനങ്ങൾ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്.

(എഫ്) കാർഡമം ഹിൽ റിസർവ്വ് വനങ്ങൾ ഇടുക്കി ജില്ലയിലാണ്. കണ്ണൂർ ഡിവിഷനിലെ തളിപ്പറമ്പ് റെയിഞ്ചിൽ 1.9400 ചതുരശ്ര കിലോമീറ്ററും കൊട്ടിയൂർ റെയിഞ്ചിലെ അയ്യൻകുന്നു മലയിൽ 2.3487 ചതുരശ്ര കിലോമീറ്ററും പറശ്ശിമലയിൽ 0.4615 ചതുരശ്ര കിലോമീറ്ററും നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിലെ പ്രിയദർശിനി ടീ എസ്റ്റേറ്റിൽ 0.1506 ചതുരശ്ര കിലോമീറ്ററും കോഴിക്കോട് റെയിഞ്ചിലെ താമരശ്ശേരി റെയ്ഞ്ചിൽ 0.5470 ചതുരശ്ര കിലോമീറ്ററും മൂന്നാർ ഡിവിഷനിലെ മറയൂർ റെയ്ഞ്ചിൽ 1.000 ചതുരശ്ര കിലോമീറ്ററും ആണ്.

## പട്ടികജാതിക്കാർക്ക് വീടുവയ്ക്കുന്നതിന് കേന്ദ്ര സഹായം

*299 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, ടി. എൻ. പ്രതാപൻ
,, എ. പി. അനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് വീടുവയ്ക്കുന്നതിന് കേന്ദ്രസഹായമായി ഈ വർഷം എത്ര തുക യാണ് കിട്ടിയത്;

(ബി) ഈ തുക ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പട്ടികജാതി വകുപ്പിന്റെ ജില്ലാ ഓഫീസുകൾ തയ്യാറാക്കിയോ;

(സി) ബന്ധപ്പെട്ട ഗ്രാമസഭകൾ അംഗീകരിക്കുന്ന ഗുണഭോക്താക്കൾക്കായിരിയ്ക്കണം ഈ ധനസഹായം നൽകേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) അതനുസരിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ ലിസ്റ്റ് അയച്ചു തന്നിട്ടുണ്ടോ ?

**ഉത്തരം : ശ്രീ. എ.കെ.ബാലൻ**
**(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി)**

(എ) പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കാറില്ല. സംസ്ഥാന ബഡ്ജറ്റിൽ ഭവന നിർമ്മാണ ധനസഹായത്തിന് ഈ വർഷം 35 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഗ്രാമപഞ്ചായത്തുകൾ നൽകിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്

## കെ.എഫ്.സി. അമിത പലിശ ഈടാക്കുന്നതു സംബന്ധിച്ച്

*300 ശ്രീ. സൈമണ്‍ ബ്രിട്ടോ റോഡ്രിഗ്സ്
ശ്രീ. ജോര്‍ജ് എം. തോമസ്
ശ്രീ. സാജു പോള്‍
ശ്രീ. വി. ശിവന്‍കുട്ടി
ശ്രീ. എ. എം. യൂസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് **ധനകാര്യ വകുപ്പുമന്ത്രി** സദയം മറുപടി നല്‍കുമോ

(എ) കെ.എഫ്.സി വായ്പയ്ക്ക് അമിത പലിശ ഈടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വികസന രംഗത്ത് കെ.എഫ്.സി യ്ക്ക് പങ്ക് വഹിക്കാന്‍ കഴിയുന്ന എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത് ;

(സി) കെ.എഫ്.സി. യുടെ വായ്പാ ചട്ടങ്ങളില്‍ ഇളവുകള്‍ വരുത്തി വായ്പ വാങ്ങുന്നവര്‍ക്ക് ആശ്വാസം നല്‍കുന്ന നടപടികള്‍ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം:ഡോ.തോമസ് ഐസക്**
**(ധനകാര്യ വകുപ്പുമന്ത്രി)**

(എ) ഉണ്ട്. കേരളാ ഫിനാന്‍ഷ്യല്‍ കോര്‍പ്പറേഷന്‍ 1951-ലെ SFCs ആക്ട് പ്രകാരം നിലവില്‍ വന്ന ഒരു ധനകാര്യ സ്ഥാപനമാണ്. നിലവിലുള്ള സാമ്പത്തികവും ധനപരവുമായ സാഹചര്യങ്ങള്‍ കണക്കിലെടുത്ത് SIDBI-യുടെ refinancining-ന്റെ ചാര്‍ജ്ജും കണക്കിലെടുത്താണ് കോര്‍പ്പറേഷന്‍ വിവിധ വായ്പകള്‍ക്കുള്ള പലിശ നിശ്ചയിക്കുന്നത്. ഇപ്രകാരം ഇപ്പോള്‍ നിശ്ചയിക്കുന്ന പലിശ നിരക്കുകള്‍ താഴെപ്പറയുംപ്രകാരമാണ്.

1. <u>ചെറുകിട വ്യവസായങ്ങള്‍</u>
   എ) 50,000 രൂപ വരെയുള്ള വായ്പകള്‍ -- 8.25 ശതമാനം
   ബി) 50,000 രൂപ മുതല്‍ 2,00,000 രുപ വരെ -- 8.75 ശതമാനം
2. <u>എസ്.എം.ഇ. സെക്ടറിലുള്ള വ്യവസായങ്ങള്‍</u>
   10.5 ശതമാനം മുതല്‍ 11.5 ശതമാനം വരെ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് 1 ശതമാനം റിബേറ്റ് നല്‍കുന്നു.
3. <u>ഷോര്‍ട്ട് ടേം ലോണുകള്‍, കോണ്‍ട്രാക്ടര്‍മാര്‍ക്കുള്ള വായ്പകള്‍ മുതലായവ</u>
   11.5 ശതമാനം മുതല്‍ 12.5 ശതമാനം വരെ

(ബി) ചെറുകിട ഇടത്തരം വ്യവസായങ്ങള്‍ സ്ഥാപിക്കുന്നതിനും അവയുടെ നടത്തിപ്പിനും ആവശ്യമായ ദീര്‍ഘകാല വായ്പകള്‍ അനുവദിക്കുന്നു. നിലവിലുള്ള ചെറുകിട ഇടത്തരം വ്യവസായങ്ങള്‍ ആധുനീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ ധനസഹായം ഉദാരമായ വ്യവസ്ഥയില്‍ അനുവദിക്കുന്നു

ടൂറിസം വികസനത്തിന്റെ ഭാഗമായി ഹോട്ടലുകള്‍, റിസോര്‍ട്ടുകല്‍ എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള ഹോട്ടലുകള്‍ നവീകരിക്കുന്നതിന് ലളിത വ്യവസ്ഥയില്‍ വായ്പ ലഭ്യമാക്കുന്നു.

കൂടാതെ ആതുര സേവനത്തിന്റെ ഭാഗമായി ആശുപത്രികള്‍ തുടങ്ങുന്നതിനും നിലവിലുള്ളവ ആധുനീകരിക്കുന്നതിനും വികസനിപ്പിക്കുന്നതിനും ആവശ്യമായ വായ്പകള്‍ അനുവദിക്കുന്നുണ്ട്

ഗതാഗത മേഖലയിൽ വാഹനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്

ഷോപ്പിംഗ് കോംപ്ലക്സ്, കെട്ടിട സമുച്ചയങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ വായ്പ അനുവദിക്കുന്നുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ (ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ്) സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

കൂടാതെ ഹോട്ടലുകൾ, വ്യവസായങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് ഹ്രസ്വകാല വായ്പ നൽകുന്നുണ്ട്.

(സി) കേരളത്തിന്റെ വ്യവസായ കാർഷിക പുരോഗതിക്ക് അനുയോജ്യമായ രീതിയിൽ സാഹചര്യങ്ങളോട് വേഗം പ്രതികരിക്കുന്ന ഒരു പ്രൊഫഷണൽ മാനേജുമെന്റ് കെ.എഫ്.സി.-യിൽ ഏർപ്പെടുത്താൻ ആലോചിക്കുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൂടുതൽ വിപുലമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.